## അല്ലാഹുവിന്റെ വചനം

وَرَحْمَتِيْ وَسِعَتْ كُلَّ شَيْءٍ ؕ
فَسَاَكْتُبُهَا لِلَّذِيْنَ يَتَّقُوْنَ
وَيُؤْتُوْنَ الزَّكٰوةَ وَالَّذِيْنَ
هُمْ بِاٰيٰتِنَا يُؤْمِنُوْنَ (اعراف:157)

'എന്റെ കാരുണ്യമാകട്ടെ സർവ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു. അതുകൊണ്ട് സൂക്ഷ്മത കൈക്കൊള്ളുകയും സക്കാത്തു കൊടുക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അത്(കാരുണ്യം)ഞാൻ എഴുതി വെക്കുന്നതാണ്.'(7:157)


بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد
وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 8

ലക്കം 24

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ജൂൺ 15/ ഹി.ശം 1402 ഇഹ്സാൻ 15/ ഹി:ഖ 1444 ദുൽഖഅ്ദ് 25


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ തിരുമൊഴികൾ

### മൂന്നു വിഭാഗമാളുകളോടു അല്ലാഹു സംസാരിക്കുകയില്ല:

(2369) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'മൂന്നു വിഭാഗം മനുഷ്യരുണ്ട്. അന്ത്യദിനത്തിൽ അവരുമായി അല്ലാഹു സംസാരിക്കുകയോ അവരുടെ നേരെ (വാത്സല്യത്തോടെ നോക്കുകയോ ചെയ്യുകയില്ല. അവർക്ക് കഠിനമായ ശിക്ഷയുണ്ട്. ഒരുവൻ തന്റെ കച്ചവടചരക്ക് വിൽക്കുന്നതിനുവേണ്ടി എനിക്ക് ഇപ്പോൾ നിങ്ങൾ തരുന്നതിനെക്കാൾ കൂടുതൽ കിട്ടിയിരുന്നുവെന്ന് പറഞ്ഞ് ആണയിട്ടു. കളവാണ് അയാൾ പറഞ്ഞത്. രണ്ടാമത്തയാൾ അസ്വ്റിനു ശേഷം കള്ളസത്യം ചെയ്തത് തന്റെ മുസ്‌ലിംസഹോദരന്റെ പണം അപഹരിക്കാനാണ്. മൂന്നാമത്തയാൾ വഴിയരികിൽ മിച്ചമുള്ള വെള്ളമുണ്ടായിട്ട് അതു യാത്രക്കാരനു കൊടുക്കാതെ തടഞ്ഞുവെച്ചു. അല്ലാഹു പറയും ഇന്ന് ഞാനും എന്റെ ഫള്ൽ നിനക്ക് തടഞ്ഞു വെക്കുകയാണ്; ആ ബാക്കിയുണ്ടായിരുന്ന വെള്ളം നീ തടഞ്ഞുവെച്ചതുപോലെ. വാസ്തവത്തിൽ നിന്റെ കൈ അല്ല അതുണ്ടാക്കിയത്. (സ്വഹീഹ് ബുഖാരി, വാള്യം 1, പേജ് 460, 2018 ഖാദിയാൻ പ്രസാധനം)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടി കളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

## ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 2023 മെയ് 5 (സമ്പൂർണ തർജമ)

ഹദ്റത്ത് സാഹിബ് സാദ അബ്ദുല്ലത്വീഫ് സാഹിബ്(റ)

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം


**നമ്മുടെ നബി(സ)തിരുമേനി നുബുവ്വത്തിന്റെ സകല ശ്രേഷ്ഠതകളും സമ്മേളിച്ച ആളായിരുന്നു. സ്വഹാബത്തിനെ കണ്ടുകൊണ്ട് അവർ പൂർണമായ അഭിവൃദ്ധികളിലെത്തണമെന്നാണ് ആഗ്രഹിച്ചു. അവസാനം ലോകം ഒരിക്കലും പ്രാപിച്ചിട്ടില്ലാത്തത് അവർ പ്രാപിച്ചു. മറ്റാരും കാണാത്തത് അവർ കാണുകയും ചെയ്തു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**പ്രവാചകന്മാരിൽ സഹതാപത്തിന്റെ ആവേശമുണ്ടാകുന്നു.**
നബിയുടെ വരവ് അനിവാര്യമാണ്. അവരോടൊപ്പം ഖുവ്വത്തെ ഖുദ്സീ അഥവാ പരിശുദ്ധ ശക്തിയുണ്ടുകുന്നു. അവരുടെ മനസ്സിൽ ജനങ്ങളോടുള്ള സഹതാപം, അവർക്ക് ഗുണമെത്തിക്കുന്നതിന്റേയും സാധാരണ നന്മയുടേയും അസ്വസ്ഥജനകമായ ആവേശമുണ്ടാകുന്നു. നബി(സ)തിരുമേനിയെ സംബന്ധിച്ച് അല്ലാഹു പറഞ്ഞു: **ലഅല്ലക്ക ബാഖിഉൻന്നഫ്സക്ക അല്ലാ യകൂനൂ മുഅ്മിനീൻ**(26:4) അവർ വിശ്വാസികളാകാത്ത കാരണത്താൽ(ദുഃഖംനിമിത്തം) നീ നിന്റെ ജീവനെ നശിപ്പിച്ചേക്കാം. ഇതിന് രണ്ടു വശങ്ങളുണ്ട്. ഒന്ന് അവിശ്വാസികളെ സബന്ധിച്ച്, അവർ എന്തുകൊണ്ട് വിശ്വസിക്കുന്നില്ല? രണ്ടാമത്തേത് മുസ്‌ലിമീങ്ങളെ സംബന്ധിച്ച്, അവരിലെന്തുകൊണ്ട് നബി(സ)തിരുമേനി പ്രാപിച്ച ആ ഉന്നതപദവിയിലുള്ള ആത്മീയ ശക്തിയുണ്ടാകുന്നില്ല. കാരണം അഭിവൃദ്ധി ഘട്ടംഘട്ടമായിട്ടാണുണ്ടാകുന്നത്. അതുകൊണ്ട് സ്വഹാബത്തിന്റെ അഭിവൃദ്ധികളും ഘട്ടംഘട്ടമായ നിലയിലാണുണ്ടായത്. എന്നാൽ, നബിമാരുടെ ഹൃദയത്തിന്റെ നിർമ്മിതിതന്നെയും തികച്ചും സഹതാപം തന്നെയായിരിക്കുമുണ്ടാകുക. പിന്നെ നമ്മുടെ നബി(സ)തിരുമേനി നുബുവ്വത്തിന്റെ സകല ശ്രേഷ്ഠതകളും സമ്മേളിച്ച ആളായിരുന്നു. നബി(സ)തിരുമേനിയിൽ ഈ സഹതാപം ഉന്നതമായ നിലയിലുണ്ടായിരുന്നു. അവിടന്ന് സ്വഹാബത്തിനെ കണ്ടുകൊണ്ട് അവർ പൂർണമായ അഭിവൃദ്ധികളിലെത്തണമെന്നാണ് ആഗ്രഹിച്ചത്. പക്ഷേ, ആ ഉന്നതി ഒരു കാലംവരെയാണ് നിശ്ചയിക്കപ്പെട്ടിരുന്നത്. അവസാനം ലോകം ഒരിക്കലും പ്രാപിച്ചിട്ടില്ലാത്തത് അവർ പ്രാപിച്ചു. മറ്റാരും കാണാത്തത് അവർ കാണുകയും ചെയ്തു.

(ശേഷം പേജ് 12 ൽ)

**വിശുദ്ധ ഖുർആൻ പാപത്തെ തടയുക എന്നതു മാത്രമല്ല പ്രത്യുത പാപം തടയാനുള്ള മാർഗങ്ങളും നിർദേശിക്കുന്നുന്നുവെന്നത് അതിന്റെ വളരെ വലിയ ശ്രേഷ്ഠതയാണ്.**

**പാപങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗങ്ങൾ പറയാത്ത ഗ്രന്ഥം മനുഷ്യനെ ഒരു ബുദ്ധിമുട്ടിൽ അകപ്പെടുത്തുന്നതാണ്. ഏതെങ്കിലും കാര്യം വിരോധിക്കുന്നതോടൊപ്പം അതിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള മാർഗങ്ങൾ പറഞ്ഞുകൊടുക്കുന്ന ഗ്രന്ഥത്തിനാണ് സമാധാനമുണ്ടാക്കാൻ കഴിയുന്നത്.**

സയ്യിദുനാ ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്(റ) സൂറ ബനീ ഇസ്റാഈലിലെ 33-ാമത്തെ വചനമായ **വലാ തഖ്റബുസ്സിനാ ഇന്നഹൂ കാന ഫാഹിശത്തൻ വ സാഅ സബീലൻ** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: ഈ ആയത്തിൽ വ്യഭിചാരത്തിൽനിന്ന് രക്ഷപ്പെടുക എന്ന കല്പനയ്ക്കും കുട്ടികളെ വധിക്കുന്നതിനെ സംബന്ധിച്ചും പറഞ്ഞതിനുശേഷം പറയുന്നു: "ഇതിൽ വ്യഭിചാരംകൊണ്ടും കുട്ടികളുടെ വധം നടക്കുന്നുണ്ടെന്ന അതിസൂക്ഷ്മമായ സൂചനയുണ്ട്. എന്തുകൊണ്ടെന്നാൽ, ഒന്നാമതായി നിഷിദ്ധ കർമങ്ങളിലൂടെ ഉണ്ടാകുന്ന മക്കളെ പൊതുവായ നിലയിൽ അലസിപ്പിക്കാനുള്ള ശ്രമം നടക്കുന്നു. ഇനി അലസിപ്പോകുന്നില്ലെങ്കിൽത്തന്നെയും അതിന്റെ പരിപാലനത്തിലും ശിക്ഷണത്തിലും പുരുഷൻ പരസ്യമായി പങ്കാളിയാകുകയില്ല. ആ മക്കൾ പൊതുവെ സംരക്ഷകനും അനന്തരാവകാശിയുമില്ലാതെ നശിച്ചുപോകുന്നു.
ലാ തഖ്റബുസ്സിനാ എന്ന വാക്കുകൾ ഉപയോഗിച്ചുകൊണ്ട് വ്യഭിചരിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കാതാരിക്കുക അതായത് രക്തബന്ധമില്ലാത്ത സ്ത്രീകളിൽനിന്ന് വേറിട്ടുനില്ക്കുക എന്നതാണ് സൂചിപ്പിച്ചിരിക്കുന്നത്. അവരോടു അധികമായി ഇടപഴകാതിരിക്കുക തുടങ്ങിയവ. വിശുദ്ധ ഖുർആൻ പാപത്തെ തടയുക എന്നതു മാത്രമല്ല പ്രത്യുത പാപം തടയാനുള്ള മാർഗങ്ങളും നിർദേശിക്കുന്നുന്നുവെന്നത് അതിന്റെ വളരെ വലിയ ശ്രേഷ്ഠതയാണ്. അത്തരം അധ്യാപനങ്ങൾക്കു മാത്രമെ മനുഷ്യകുലത്തെ സംരക്ഷിക്കാൻ സാധിക്കുകയുള്ളു. പാപങ്ങളിൽനിന്ന് രക്ഷപെടാനുള്ള മാർഗങ്ങൾ പറയാത്ത ഗ്രന്ഥം മനുഷ്യനെ ഒരു ബുദ്ധിമുട്ടിൽ അകപ്പെടുത്തുന്നതാണ്. ഏതെങ്കിലും കാര്യം വിരോധിക്കുന്നതോടൊപ്പം അതിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള മാർഗങ്ങൾ പറഞ്ഞുകൊടുക്കുന്ന ഗ്രന്ഥത്തിനാണ് സമാധാനമുണ്ടാക്കാൻ കഴിയുന്നത്. അതായത് മനുഷ്യന് സമാധാനം കിട്ടണം തനിക്ക് ആ കല്പയനുസരിച്ച് പ്രവർത്തിക്കുകയും വേണം. ഒരു സ്ത്രീയേയും ദുശ്ചിന്തയോടെ നോക്കരുതെന്നാണ് ബൈബിൾ പറയുന്നത്. പക്ഷേ, രക്തബന്ധമില്ലാത്ത ഏതെങ്കിലും സ്ത്രീയെ ദൃഷ്ടി ഉയർത്തി നോക്കുകയെ അരുതെന്നാണ് വിശുദ്ധഖുർആൻ പറയുന്നത്. അത് മനുഷ്യന്റെ മനസ്സിൽ ഇളക്കമുണ്ടാക്കുന്ന ആകർഷണമുണ്ടാക്കുന്നു. അതിന് വഴിതുറക്കുകയാണെങ്കിൽ സംരക്ഷണം അസംഭാവ്യമാകുമെന്ന് മാത്രമല്ല തീർച്ചയായും അത് അങ്ങേയറ്റം ബുദ്ധിമുട്ടുള്ളതായിരിക്കും. ഈ യുക്തിയനുസരിച്ച് നിങ്ങൾ പാപത്തിന്റെ സ്ഥാനത്തുനിന്ന് തിന്മയുമായി പോരാടാൻ കഴിയുന്നത്ര ദൂരത്ത് നില്ക്കുക എന്ന് ഇവിടെ പറഞ്ഞിരിക്കുന്നു. ഇതു ഭീരുത്വമാണെന്ന് ചിലർ പറഞ്ഞിരിക്കുന്നു. എന്നാൽ, ഇതു ഭീരുത്വമല്ല. ഇതു ജാഗ്രതയാണ്. ജാഗ്രതയെ ഒരു ബുദ്ധിമാനും ഭീരുത്വമെന്ന് പറയുകയില്ല.
മനുഷ്യൻ രണ്ടു തരമുണ്ടെന്ന് പ്രകടമാണ്. ഒന്ന് പാപത്തിന്റെ അടുത്തുചെന്നാൽപോലും തന്നെ രക്ഷിക്കുന്നവനാണ്. അത്തരം വ്യക്തിയോടു പാപത്തിന്റെ സ്ഥാനത്തു

(ശേഷം പേജ് 9 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

ദൈവസൃഷ്ടികളോടു നിങ്ങൾ ഏതു രീതിയിലാണ് നന്മ ചെയ്യേണ്ടതെന്നാൽ
അതിൽ നാട്യവും കാപട്യവും ഒരിക്കലമുണ്ടാകാൻ പാടില്ല.

തന്റെ ഈമാനിനെ ശക്തിപ്പെടുത്തുന്നതിന് അല്ലാഹുവിന്റെ കൽപനകളനുസരിച്ചു
ഉപദേശങ്ങളനുസരിച്ചും പ്രവർത്തിക്കുക എന്നതാണ് ഒരു യഥാർഥ സത്യവിശ്വാസിയുടെ അടയാളം.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ വിശുദ്ധ വചനത്തിന്റെ തഫ്സീർ എത്രമാത്രം ശ്രേഷ്ഠകരമായ വർണനത്തിലാണ്
വിവരിച്ചിട്ടുള്ളതെന്നാൽ അതിൽനിന്ന് അല്ലാഹുവുമായുള്ള യഥാർഥ ബന്ധത്തെ കുറിച്ചുള്ള ജ്ഞാനം ലഭിക്കുന്നു.
അവ ഒരു വിശ്വാസിയെ, വിശ്വാസത്തിന്റേയും അനുഭവജ്ഞാനത്തിന്റേയും പുതിയ തലങ്ങൾവരെ കൊണ്ടു പോകുന്നു.

അല്ലാഹുവിന്റെ കൽപനകളെ മുന്നിൽവെച്ചുകൊണ്ട് സ്വന്തം പരിഷ്കരണം നടത്തുകയും ലോകത്തിന്റെ പരിഷ്കരണം
നടത്താൻ ശ്രമിക്കുകയും ചെയ്യുക എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരുടെ നിർബന്ധ കടമയാണ്.

**തൗറാത്തിന്റേയും ഇഞ്ചീലിന്റേയും ഓരോരോ പേജും നാം വായിച്ചു നോക്കിയെങ്കിലും ഇത്തരം പരിശുദ്ധവും തുകവുറ്റതുമായ അധ്യാപനങ്ങളുടെ പേരും അടയാളവുംപോലും നാം അതിൽ കണ്ടില്ല."(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങളുടെ വെളിച്ചത്തിൽ സൂറ നഹ്‌ലിലെ 91-ാമത്തെ വചനത്തിൽ
പറയപ്പെട്ടിട്ടുള്ള അദ്‌ല്, ഇഹ്സാൻ, ഈത്താഇദിൽ ഖുർബാ എന്നിവയെ കുറിച്ചുള്ള വിശദീകരണം.

പാക്കിസ്താനിലെ അഹ്മദികൾക്കുവേണ്ടി ദുആയുടെ ആഹ്വാനം.

**ഖുത്ബ ജുമുഅ 2023 മെയ് 5/1402 ഹിജ്റത്ത് 5**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ് യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○
اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَالْاِحْسَانِ وَاِيْتَآئِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَالْمُنْكَرِ وَالْبَغْيِ ۚ
يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ (النحل:91)

നീതി പുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്ന പോലെ (അന്യർക്കും) സഹായം നല്കുന്നതിനും അല്ലാഹു കല്പിക്കുന്നു. നീചപ്രവൃത്തിയേയും നിഷിദ്ധകർമത്തേയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു.(16:91)

ഈ ആയത്ത് എല്ലാ ജുമുഅ ദിവസവും ഖുത്ബ ഥാനിയായിലും രണ്ടു ഈദുകളുടെ അവസരത്തിലും പാരായണം ചെയ്യപ്പെടുന്നതാണ്. ഇതിൽ ചില നന്മകൾ ചെയ്യണമെന്ന് അല്ലാഹു കൽപിക്കുന്നു. അതുപോലെ ചില തിന്മകളെ കുറിച്ച് പരാമർശിച്ചുകൊണ്ട് അവയിൽനിന്നു വിട്ടു നിൽക്കണമെന്നും അല്ലാഹു കൽപിക്കുന്നു. തന്റെ വിശ്വാസത്തെ ബലപ്പെടുത്തുന്നതിന് അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ചും ഉപദേശങ്ങൾക്കനുസരിച്ചും പ്രവർത്തിക്കുന്ന ഒരു വിശ്വാസിയുടെ അടയാളവും ഇതുതന്നെയാകുന്നു. അല്ലെങ്കിൽ ഒരു മുസ്‌ലിമിനെ യഥാർഥ വിശ്വാസിയാക്കുന്ന ആ സ്ഥാനം ലഭ്യമാകുകയില്ല.

ഈ ആയത്തിൽ അദ്ൽ, ഇഹ്സാൻ, ഈത്താഇദിൽ ഖുർബാ എന്നീ നന്മകളെ കുറിച്ചാണ് പറയപ്പെട്ടിട്ടുള്ളത്. അതായത് നന്മയ്ക്കുപകരം നന്മ ചെയ്യുക, പ്രത്യുപകാരത്തിൽ കവിഞ്ഞ് നന്മ ചെയ്യാനുള്ള അവസരത്തിൽ സഹായോപകാരം ചെയ്യുക, സഹായോപകാരത്തിൽ കവിഞ്ഞ് ബന്ധുത്വപരമാ അനുകമ്പ കാണിക്കേണ്ട ഘട്ടത്തിൽ സ്നേഹാവേശത്തോടെ സൗജന്യ ദാനം ചെയ്യുക. എന്നിവയെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വിവിധ ഗ്രന്ഥങ്ങളിലും സദസ്സുകളിലും വിവരിച്ചിട്ടുള്ള ഉദ്ധരണികൾ ഞാൻ സമർപ്പിക്കുന്നതായിരിക്കും.

എല്ലാ ഉദ്ധരണികളും ഒരേ അച്ചുതണ്ടിന്റെ ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നുവെങ്കിലും വിവിധ തരത്തിലുള്ള ഉപദേശങ്ങളാകുന്നു. ഈ ഉപദേശങ്ങൾ അല്ലാഹുവിന്റെ കൽപനകൾക്കനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമീകരിക്കുന്നതിൽ നമുക്ക് മാർഗനിർദ്ദേശം നൽകുന്നു. അദ്ദേഹം ഈ പ്രത്യേകതകളും നന്മകളും മനുഷ്യരുമായുള്ള ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമല്ല വിവരിച്ചിട്ടുള്ളത്. പ്രത്യുത അല്ലാഹുവുമായി എങ്ങനെ അദ്ൽ, ഇഹ്സാൻ, ഈത്താഇദിൽഖുർബായുടെ ബന്ധം വെക്കണമെന്ന കാര്യവും വിവരിച്ചിരിക്കുന്നു.

അദ്ദേഹം ഇത് എത്രത്തോളം ജ്ഞാനസമ്പൂർണമായ രീതിയിലാണ് വിശദീകരിച്ചിട്ടുള്ളതെന്നാൽ അതിൽനിന്ന് അല്ലാഹുവുമായുള്ള യഥാർഥ ബന്ധത്തെ കുറിച്ചുള്ള ജ്ഞാനം ലഭിക്കുന്നു. അവ ഒരു വിശ്വാസിയെ, വിശ്വാസത്തിന്റേയും അനുഭവജ്ഞാനത്തിന്റേയും പുതിയ തലങ്ങൾവരെ കൊണ്ടു പോകുന്നു.

ഏതായാലും ഇപ്പോൾ ഞാൻ ചില ഉദ്ധരണികൾ സമർപ്പിക്കുന്നതാണ്. ഇവയിൽ മനുഷ്യൻ ചിന്തിക്കുകയും തന്റെ ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്യുകയാണെങ്കിൽ നമുക്ക് എങ്ങനെയുള്ള പ്രവർത്തനരൂപരേഖയാണ് ലഭിക്കുന്നതെന്നാൽ, അത് നമ്മെ യഥാർഥമായ നിലയിൽ അല്ലാഹുവുമായി ബന്ധിപ്പിക്കുകയും പരസ്പര കടമകളെ നിറവേറ്റുന്നവരാക്കി മാറ്റുകയും ചെയ്യുന്നതാണ്. അങ്ങനെ അത് അല്ലാഹുവിനോടുള്ള കടമകളും സമസൃഷ്ടികളോടുള്ള കടമകളും നിറവേറ്റുന്ന ഒരു മനോഹരമായ സമൂഹത്തെ സൃഷ്ടിക്കുന്നു. ഇതുതന്നെയാണ് സമൂഹത്തിന്റെ സമാധാനത്തിനുമുള്ള ജാമ്യം. അത് ലോകത്തിന്റെ സമാധാനത്തിനുമുള്ള ജാമ്യവുമാകുന്നു. എന്നാൽ, ഖേദകരമെന്ന് പറയട്ടെ, ലോകത്തിലെ ഭൂരിഭാഗം ജനതയും പരസ്പരം അവകാശങ്ങൾ ധ്വംസിക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയാണ്; അത് മുസ്‌ലിംലോകമാണെങ്കിലും അമുസ്‌ലിംലോകമാണെങ്കിലും ശരി. മുസ്‌ലിമീങ്ങൾ അല്ലാഹുവിന്റെ പേര് പറയുന്നു. എന്നാൽ, അല്ലാഹുവിന്റെ പേരിൽ അക്രമവും അതിക്രമവും വർധിക്കുകയും ചെയ്യുന്നു. ഇത്തരം സന്ദർഭത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചവർക്ക് ദൈവിക കല്പനകളെ മുന്നിൽ വെച്ചുകൊണ്ട് സ്വയം തങ്ങൾക്കുള്ളിലും ലോകത്തിലും പരിഷ്കരണത്തിനുവേണ്ടി ശ്രമിക്കേണ്ട ഉത്തരവാദിത്വമുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹു നിങ്ങൾക്ക് നൽകുന്ന കൽപന നിങ്ങൾ അവനോടും അവന്റെ സൃഷ്ടികളോടും നീതിപൂർവ്വം വർത്തിക്കണമെന്നാണ്. അതായത് അല്ലാഹുവിനോടുള്ള കടമകളും ദാസന്മാരോടുള്ള കടമകളും നിറവേറ്റുക. ഇനി ഇതിനെക്കാളും സാധ്യമാണെങ്കിൽ നീതി മാത്രമല്ല ഔദാര്യവും ചെയ്യുക. അതായത് നിർബന്ധ കടമകളെക്കാളുമധികം അല്ലാഹുവിനെ കാണുന്നുവെന്ന ഭാവത്തിൽ അവന്റെ ദാസത്വം സ്വീകരിക്കുക." ആദ്യം മനുഷ്യരോടുള്ള കടമകളെ കുറിച്ചാണ് പറഞ്ഞത്. പിന്നീട് പറയുന്നു: "ദൈവത്തിന്റെ ദാസത്വവും അവനെ കാണുന്നുവെന്ന ഭാവത്തിൽ നിർവഹിക്കേണ്ടതാണ്. "അവകാശങ്ങൾക്കതീതമായി ജനങ്ങളുമായി സ്നേഹപൂർവ്വം വർത്തിക്കുക." അതിനെക്കാളധികം സാധ്യമാണെങ്കിൽ ഒരു കാരണവും സ്വാർഥതയുമില്ലാതെ സ്വേച്ഛകൾക്ക് അതീതമായി വിശ്വാസപൂർവ്വം പ്രതിഫലേച്ഛ കൂടാ

തെ ദൈവത്തെ ആരാധിക്കുകയും ദൈവസൃഷ്ടികളെ സേവിക്കുകയും ചെയ്യുക. അതായത് അല്ലാഹുവിനോടുള്ള യിബാദത്തുകൾ സ്വാർഥതക്ക് അതീതമായിരിക്കണം. എന്തെങ്കിലും ലക്ഷ്യം നേടുന്നതിന്നതീതമായി അല്ലാഹുവിന്റെ സവിധത്തിലേക്ക് പോകുക. ദൈവസൃഷ്ടികളോടുള്ള സേവനവും നിസ്വാർഥമായിരിക്കണം. അതായത് അടുത്ത ബന്ധുക്കളോടെന്നപോലെ ആവേശപൂർവ്വം ചെയ്യണം.” (ശഹ്നയെ ഹഖ്, റൂഹാനീ ഖസാഇൻ വാല്യം 2, പേജ് 361–362)

തുടർന്ന് ഈ ആയത്തനുസരിച്ച് അല്ലാഹുവിനോടുള്ള കടമകളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ആ മഹാത്മാവ് കുറേകൂടി വിശദമായി പറയുന്നു. അതായത് ദാസന്മാരോടുള്ള കടമകൾ എങ്ങനെയാണ് നിർവഹിക്കേണ്ടത് എന്നതിനെക്കുറിച്ച് പറയുന്നു: “ആദ്യം ഈ ആയത്തിന്റെ അർഥം ഇങ്ങനെയാണ്. നിങ്ങൾ സ്രഷ്ടാവിനോടുള്ള അനുസരണത്തിൽ നീതിയുടെ മാർഗം അവലംബിക്കുക. നിങ്ങൾ പരിധിവിട്ട് പോകരുത്. ഏതു സമയത്തും അല്ലാഹുവിനെ അനുസരിക്കുമ്പോൾ നീതിയുടെ മാർഗം അവലംബിക്കുക. കാരണം അവനല്ലാതെ മറ്റാരും ആരാധനക്ക് അർഹനായിട്ടില്ല. വേറെയാരുംതന്നെ സ്നേഹഭാജനമായിട്ടുമില്ല. അർപണത്തിന് അർഹരായിട്ടും മറ്റാരുമില്ല. കാരണം സൃഷ്ടിപ്പിലും നിലനില്പിലും പരിപാലനത്തിലുമുള്ള സവിശേഷതകളുടെ എല്ലാ അവകാശങ്ങളും അവനു മാത്രമുള്ളതാണ്. അല്ലാഹുവിനോടുള്ള നീതി എന്താണ്? അനുസരണത്തിന്റെ ബന്ധം അല്ലാഹുവുമായി വെക്കുക. ഈ അനുസരണബന്ധം ഉണ്ടാക്കേണ്ടതിനുള്ള കാരണമെന്തെന്നാൽ അവൻ നമ്മുടെ സ്രഷ്ടാവും സ്വയം നിലനിൽക്കുന്നവനും നമ്മെ നിലനിറുത്തുന്നവനുമാകുന്നു. പരിപാലനം അവന്റെ കൈകളിലാകുന്നു. അവൻ റബ്ബാകുന്നു. അവൻ പരിപാലകനാകുന്നു. അവൻ നമ്മുടെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിക്കുന്നവനുമാകുന്നു. അതുകൊണ്ടുതന്നെ അവനിൽ ഭരമേല്പിക്കേണ്ടതും അവനെ സ്നേഹിക്കേണ്ടതും അവന്റെ അവകാശമാകുന്നു. “ഇതുപോലെ നിങ്ങളും അവനോടൊപ്പം മറ്റാരെയും ആരാധിക്കുകയോ അവനോടുള്ള സ്നേഹത്തിലും അവന്റെ രക്ഷാകർതൃത്വത്തിലും ആരെയും പങ്കാളികളാക്കുകയോ ചെയ്യരുത്. നിങ്ങൾ ഇത്രമാത്രം ചെയ്താൽ ഇതാണ് നീതി. ഇതിന്റെ പരിഗണന നിങ്ങളിൽ നിർബന്ധമായിരുന്നു.” അത് അനുഷ്ഠിക്കേണ്ടത് നിങ്ങളുടെ കടമയാകുന്നു. ഇത് നീതിയാണ്. ഇത് അല്ലാഹുവിന്റെ കാര്യങ്ങളാകുന്നു. അത് നിറവേറ്റണ്ടത് നിർബന്ധമാണ്. പിന്നീട് ഇതിൽ അഭിവൃദ്ധിപ്പെടാൻ ആഗ്രഹിക്കുന്നെങ്കിൽ അതിന്റെ അടുത്ത ചുവടു വെക്കേണ്ടതാണ്. “പിന്നീട് വരുന്നത് ഇഹ്സാനിന്റെ അഥവാ നന്മയ്ക്കുപകരം നന്മ ചെയ്യുക എന്നതിന്റെ ദർജയാണ്. അതെന്താണെന്നാൽ, നിങ്ങൾ അവന്റെ മഹത്ത്വവും പ്രതാപവും അവന്റെ അസ്തമിക്കാത്ത സൗന്ദര്യവും നേരിൽ കണ്ടതുപോലെ അവന്റെ പ്രതാപങ്ങളെ അംഗീകരിക്കുകയും നിങ്ങളുടെ ആരാധനകളിൽ അവനെ ആകർഷിച്ചെടുക്കുകയും അവനോടുള്ള സ്നേഹത്തിൽ നിങ്ങൾ നിങ്ങളെ ഇല്ലാതാക്കുകയുംവേണം.” അടുത്ത ചുവട് ഇഹ്സാൻ അഥവാ നന്മയുടേതാണ്. അല്ലാഹുവിനോടു ഇഹ്സാൻ കാണിക്കാൻ പറ്റുകയില്ല. പക്ഷേ, ഇവിടെ അതുകൊണ്ടുള്ള ഉദ്ദേശ്യം അവനെ ആരാധിക്കുന്നതിൽ, അവനെ ബഹുമാനിക്കുന്നതിൽ, അവനെ ആദരിക്കുന്നതിൽ, അവനെ സ്നേഹിക്കുന്നതിൽ അവന്റെ മഹത്ത്വത്തെ കണ്ടിരിക്കുന്നു എന്ന നിലയിൽ നിങ്ങൾ നിങ്ങളെ ഇല്ലാതാക്കുക. അവന്റെ പ്രതാപവും കണ്ടിരിക്കുന്നു. അവന്റെ സ്വിഫത്തുകളെകുറിച്ച് നിങ്ങൾ വായിച്ചിരിക്കുന്നു. അവന്റെ അസ്തമിക്കാത്ത സൗന്ദര്യവും കണ്ടിരിക്കുന്നു. പിന്നീട് പറഞ്ഞു:“ ഇതിനുശേഷം വരുന്നത് ഈത്താഇദിൽ ഖുർബായുടെ ദർജയാണ്. അതെന്താണെന്നാൽ നിങ്ങളുടെ ആരാധനയും നിങ്ങളുടെ സ്നേഹവും നിങ്ങളുടെ അനുസരണവുംകൊണ്ട് നിങ്ങളുടെ ഫോർമാലിറ്റിയും നാട്യവും തികച്ചും അകലുക എന്നതാണ്.” ആദ്യമൊക്കെ നന്മയുടെ വർണത്തിൽ നിങ്ങൾ എന്തൊന്ന് ചെയ്തുകൊണ്ടിരിക്കുന്നുവോ പരിശ്രമിച്ചുകൊണ്ടിരിക്കുന്നുവോ അതിൽ ഫോർമാലിറ്റിയുണ്ടാകാം. കുറച്ചു നാട്യമുണ്ടാകാം. പരിശ്രമിക്കേണ്ടിയും വരാം. പക്ഷേ, പിന്നീട് നിങ്ങൾ നാട്യവും കാപട്യവും തികച്ചും അകലുന്ന വിധത്തിലുള്ള സ്ഥാനം കരസ്ഥമാക്കേണ്ടതാണ്. ഒരു ഹൃദയാവേശത്തോടും വികാരത്തോടുംകൂടി അല്ലാഹുവിനെ ആരാധിക്കുന്നവരും അവന്റെ മഹത്ത്വത്തേയും പ്രതാപത്തേയും തരിച്ചറിയുന്നവരുമാകുക.“നിങ്ങൾ അവനെ ഉറ്റബന്ധംകൊണ്ട് ഓർമിക്കുക. ഉദാഹരണത്തിന് നിങ്ങളുടെ പിതാക്കന്മാരെ ഓർക്കുന്നതുപോലെ! കുട്ടി തന്റെ പ്രിയപ്പെട്ട മാതാവിനെ സ്നേഹിക്കുന്നതുപോലുള്ളതായിത്തീരണം അവനോടുള്ള നിങ്ങളുടെ സ്നേഹം.”

പിന്നീടു പറഞ്ഞു: “രണ്ടാമതെന്ന നിലയിൽ സഹാതാപമാണ്.” അത് മനുഷ്യരോടുള്ള കടമകളെക്കുറിച്ചാണ്. “മനുഷ്യകുലത്തെ സംബന്ധിച്ചാണ്. ഈ ആയത്തിന്റെ അർഥം നിങ്ങളുടെ സഹോദരങ്ങളോടും മനുഷ്യകുലത്തോടും നീതിപൂർവം പെരുമാറുക എന്നാണ്. സ്വന്തം കടമകളെക്കാൾ കൂടുതൽ അവരോടു വിരോധത്തിലാകാതിരിക്കുക. നീതിയിൽ നിലകൊള്ളുക.” നീതി സ്ഥാപിക്കുക. നിങ്ങളുടെ അവകാശം നിസംശയം നിങ്ങൾ അവരോടു വാങ്ങിക്കൊള്ളുക. പക്ഷേ, നീതിയിൽ നിലനിന്നുകൊണ്ടാവണം. തെറ്റായ രീതിയിലുള്ള ആവശ്യങ്ങളാകാൻ പാടില്ല. “ഇനി ഈ ദർജ അഥവാ സ്ഥാനത്തുനിന്ന് അഭിവൃദ്ധിപ്പെടാനാഗ്രഹിക്കുന്നെങ്കിൽ അതിന് മുന്നിലുള്ളത് ഇഹ്സാനിന്റെ ദർജയാണ്. നീ നിന്റെ സഹോദരന്റെ തിന്മയ്ക്കെതിരിൽ നന്മ ചെയ്യുക എന്നതാണത്.”

ഇനി ആരെങ്കിലും നിന്നോടു ദോഷം ചെയ്യുന്നെങ്കിൽ അവനോടു നന്മചെയ്യുക എന്നത് ഇഹ്സാനാണ്. “അവനുണ്ടാക്കുന്ന ദുരിതത്തിന്നെതിരിൽ നീ അവന് സന്തോഷം പകർന്നു കൊടുക്കുക.” അവൻ നിങ്ങളെ ബുദ്ധിമുട്ടിക്കുകയാണെങ്കിൽ നിങ്ങൾ അവന് സുഖം പകരുക. അവന് സന്തോഷമെത്തിക്കാൻ ശ്രമിക്കുക. “മനുഷ്യത്വവും നന്മയും എന്ന നിലയിൽ സഹായിക്കുക. പിന്നീട് വരുന്നത് ഈത്താഇദിൽ ഖുർബാ അഥവാ സഹായോപകാരത്തിൽ കവിഞ്ഞ് ബന്ധുത്വപരമായ അനുകമ്പ കാണിക്കുക. അതെന്താണെന്നാൽ നീ എത്രത്തോളം നിന്റെ സഹോദരനോടു നന്മ ചെയ്യുകയും അല്ലെങ്കിൽ എത്രത്തോളം മനുഷ്യകുലത്തിന് ക്ഷേമപ്രവർത്തനം ചെയ്യുകയും ചെയ്യുന്നുവോ അതല്ലാത്തതായ മറ്റുതരത്തിലുള്ള നന്മ സ്വീകരിക്കാതിരിക്കുക.

ഇതിന്റെ അർഥം മറ്റൊരു നന്മയും ആകരുതെന്നാണ്. “പ്രത്യുത സ്വാഭാവികമായ നിലയിലുള്ളത്. മറ്റൊരു ഉദ്ദേശ്യവും കൂടാതെയുള്ളത്.” സ്വാഭാവികമായ നിലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രവൃത്തി ചെയ്യുക. “ഏതുപോലെയെന്നാൽ ശക്തമായ അടുപ്പത്തിന്റെ ആവേശത്താൽ ഒരു ബന്ധു മറ്റൊരു ബന്ധുവിനുവേണ്ടി നന്മ ചെയ്യുന്നു.” ഒരു കുടുംബക്കാരൻ മറ്റൊരു കുടുംബക്കാരനോടു, ഒരു അടുത്ത ബന്ധു മറ്റൊരു അടുത്തബന്ധുവിനോടു നന്മ ചെയ്യുന്നു. അതിലൊരു ഉദ്ദേശ്യവുമില്ല. പ്രത്യുത മാനസികമായ ആവേശത്താലാണത്. “അതുകൊണ്ടിത് ധാർമികപരമായ അഭിവൃദ്ധിയുടെ അവസാനത്തെ ശ്രേഷ്ടതയാണ്. അതായത് സൃഷ്ടികളോടുള്ള സഹതാപത്തിൽ സ്വാർഥപരമായ എന്തെങ്കിലും താൽപര്യമോ അല്ലെങ്കിൽ ലക്ഷ്യമോ ഉദ്ദേശ്യമോ ഇടയിൽ ഉണ്ടാകരുത്. പ്രത്യുത സാഹോദര്യവും മാനുഷികമായ സാമീപ്യത്തിന്റെ ആവേശവും ആ ഉന്നത സ്ഥാനത്ത് വളരേണ്ടതാണ്. സ്വയമേവ ഒരു നാട്യവും കൂടാതെ പ്രത്യേക മമതയൊന്നുമില്ലാതെ പ്രത്യേക തരത്തിലുള്ള നന്ദിപ്രകടനമൊന്നുമില്ലാതെ ആ നന്മ സ്വാഭാവികമായ നിലയിൽ ഉണ്ടാവേണ്ടതാണ്.”(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 550–552)

അല്ലെങ്കിൽ നിങ്ങൾക്കാരെങ്കിലും നന്ദി പറയണമെന്നോ നിങ്ങൾക്കുവേണ്ടി ദുആ ചെയ്യണമെന്നോ ഉള്ള വിചാരം ഒന്നുമുണ്ടാകരുത്. മറ്റുള്ളവരിൽനിന്ന് തനിക്കും നന്മ ഉണ്ടാകണമെന്ന ആഗ്രഹവും പാടില്ല. നിങ്ങൾക്ക് മറ്റൊരുതരത്തിലുള്ള ആഗ്രഹവുമുണ്ടാകാൻ പാടില്ല. പ്രത്യുത അയാളോടുള്ള അടുപ്പം ഒന്നുകൊണ്ടുമാത്രം ആ പ്രവൃത്തി ചെയ്യുകയാണ്. ഈ പെരുമാറ്റമാണ് ഏറ്റവുമാദ്യം നമ്മൾ പരസ്പരം ചെയ്യേണ്ടത്. അതിനെ വിശാലമാക്കിക്കൊണ്ട് പിന്നീട് മറ്റുള്ളവരിലേക്ക് എത്തിക്കേണ്ടതാണ്.

തുടർന്ന് അല്ലാഹുവിനോടുള്ള കടമകളെക്കുറിച്ച് കുറെക്കൂടി വിശദമാക്കിക്കൊണ്ട് അദ്ദേഹം പറയുന്നു: “അല്ലാഹുവിനോടുള്ള കടമകളുടെ അടിസ്ഥാനത്തിൽ ഈ ആയത്തിന്റെ വിവക്ഷിതം ഇപ്രകാരമാണ്. നീതി പാലിച്ചുകൊണ്ട് അല്ലാഹുവിനെ അനുസരിക്കുക. കാരണം നിന്നെ സൃഷ്ടിക്കുകയും നിന്നെ പരിപാലിക്കുകയും എല്ലാ സമയത്തും അത് ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നവനെ അനുസരിക്കുക എന്നത് അവനുള്ള അർഹതയാണ്. അല്ലാഹു നിങ്ങളെ സൃഷ്ടിയ്ക്കുകയും പരിപാലിക്കുകയും പരിപാലനത്തിനുള്ള സംവിധാനം ഒരുക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ഈ ലോകത്ത് അനുസരിക്കപ്പെടാൻ അവനെ അർഹതയുള്ളൂ. അതിലുപരി നിനക്ക് ഉൾക്കാഴ്ചയുണ്ടെങ്കിൽ ഈ അർഹതയുടെ പരിഗണനയിൽ മാത്രമല്ല മറിച്ച് ഇഹ്സാൻ എന്നതിനെ പാലിച്ചുകൊണ്ടും അവനെ അനുസരിക്കുക. ആദ്യം അദ്ൽ അഥവാ നീതിയെ പരിഗണിക്കാനാണ് പറഞ്ഞത്. അതായത് അവൻ നമ്മെ സൃഷ്ടിക്കുകയും നമ്മുടെ ആവശ്യങ്ങൾ പൂർത്തീകരിച്ച് തന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അവനെ അനുസരിക്കണം. മാത്രമല്ല അതിലുപരിയായി അല്ലാഹുവിനെ ഇഹ്സാൻ എന്നതിന്റെ പരിഗണനയിൽ അനുസരിക്കണം. കാരണം അവൻ മുഹ്സിൻ അഥവാ ഔദാര്യവാൻ ആകുന്നു. അവന്റെ ഔദാര്യം എത്രത്തോളമുണ്ടെന്നാൽ അതിനെ കണക്കാക്കാൻ പോലും സാധ്യമല്ല. അല്ലാഹുവിന്റെ ഔദാര്യങ്ങളെ എണ്ണുകയും അവന്റെ ഔദാര്യത്തെപരിഗണിച്ചു കൊണ്ട് അനുസരിക്കുകയും ചെയ്യുക. ഇതാണ് ഇഹ്സാൻ എന്ന തലം. അദ്ൽ എന്ന തലത്തിനും അപ്പുറമുള്ള സ്ഥാനമാണിത്. അവനെ അനുസരിക്കുമ്പോൾ അവന്റെ ഔദാര്യങ്ങളെയും പരിഗണിക്കുക. എല്ലാ സമയത്തും അവന്റെ പഠനങ്ങളും വിശകലനങ്ങളും അവന്റെ ഔദാ

ര്യനിധിയുടെ രൂപവും ഭാവവും അവന്റെ മുന്നിൽ കൊണ്ടുവന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇവിടെ ഇഹ്സാൻ എന്നതിന്റെ നിർവചനത്തിൽ അല്ലാഹുവിനെ കാണുന്നു എന്ന ഭാവത്തിൽ യിബാദത്തുകൾ ചെയ്യുക എന്നതും അടങ്ങിയിരിക്കുന്നു.

ചുരുക്കത്തിൽ ഇഹ്സാനിന്റെ വർണമുണ്ടാകണം. അത് എങ്ങനെയെന്നാൽ ഇഹ്സാൻ ചെയ്യുന്നവൻ അഥവാ ഔദാര്യവാൻ, അതായത് ഔദാര്യവാന്റെ വർണം സ്വായത്തമാക്കണം. അല്ലാഹുവിനുമേൽ ഔദാര്യമൊന്നും ചെയ്യാൻ സാധ്യമല്ല. മറിച്ച് അല്ലാഹുവിന്റെ ഔദാര്യമാണുള്ളത്. അതിനെ ഓർമിക്കുന്നത് ഒരു മനുഷ്യനെ ഇഹ്സാൻ ചെയ്യുന്നവനാക്കി മാറ്റുന്നു. അല്ലാഹുവിന്റെ ഔദാര്യങ്ങളെ സ്മരിക്കുന്നതിനെ കുറിച്ച് ആ മഹാത്മാവ് പറയുന്നു: "അതിനുള്ള മാർഗമെന്തെന്നാൽ ആരെങ്കിലും നിങ്ങൾക്ക് ഔദാര്യം ചെയ്യുകയാണെങ്കിൽ അയാളുടെ രൂപവും സവിശേഷതകളും നിങ്ങൾക്ക് മുന്നിൽ വരുന്നു. അങ്ങനെ അത് നിങ്ങൾക്ക് മുന്നിൽ വരുമ്പോൾ നിങ്ങളുടെ ഒരു ഹൃദയബന്ധം അയാളുമായിട്ടുണ്ടാകും. അല്ലാഹുവിന്റെ കാര്യത്തിൽ ഇത്തരത്തിലുള്ള ബന്ധം ഉണ്ടാകുമ്പോൾ നിങ്ങൾ തികച്ചും ആത്മാർഥമായി അവന് യിബാദത്ത് ചെയ്യുന്നവനായി മാറും. അതായത് നിങ്ങളുടെ ഹൃദയത്തിലും മനോമുകുരത്തിലും അല്ലാഹുവിനെ കാണുന്നു എന്ന നിലയിൽ യിബാദത്ത് ചെയ്യുന്നവരായി മാറും.

തുടർന്ന് പറയുന്നു; അല്ലാഹുവിനെ അനുസരിക്കുന്നവർ വാസ്തവത്തിൽ മൂന്ന് തരത്തിലുണ്ട്. ഒന്ന് മറകൾ കാരണവും കാണുന്നതിനുള്ള കാരണങ്ങൾ നിമിത്തവും അല്ലാഹുവിന്റെ ഔദാര്യങ്ങളെ നല്ല രീതിയിൽ മനസ്സിലാക്കാത്തവർ. അതായത് അതിനുമേൽ മറകൾ ഉണ്ടാകുകയോ സാധന സാഹചര്യങ്ങളിൽ പ്രതീക്ഷ അർപ്പിക്കുകയോ ചെയ്യുമ്പോൾ അല്ലാഹുവിന്റെ ഔദാര്യങ്ങളെ ശരിയായ രീതിയിൽ മനസ്സിലാക്കാനും ഉൾക്കൊള്ളാനും കഴിയുന്നതല്ല. മാത്രമല്ല ഔദാര്യവാന്റെ മഹത്തായ ഔദാര്യങ്ങളെ ഓർത്തുകൊണ്ട് അവന്റെയുള്ളിൽ ഒരു പ്രകമ്പനം ഉണ്ടാക്കാവുന്ന രീതിയിലേക്ക് ആ സ്നേഹം പ്രാവർത്തികമായിട്ടുണ്ടാകില്ല. അല്ലാഹുവിനെ സംബന്ധിച്ച ശരിയായ ചിത്രം പോലും ഉണ്ടായിരിക്കുന്നതല്ല. അവന്റെ രൂപം മുന്നിൽ വരുന്നതല്ല. അവന്റെ ഔദാര്യങ്ങളെ കുറിച്ച് ചിന്ത ഉണ്ടാകുന്നതുമല്ല. അതെക്കുറിച്ച് അവൻ ചിന്തിക്കുന്നതല്ല. യഥാർഥത്തിൽ അല്ലാഹുവിന്റെ പരിപാലന ഗുണത്തെ കുറിച്ച് ശരിയായി അവൻ ചിന്തിക്കുന്നതുമല്ല. അതുകൊണ്ടുതന്നെ ഒരു ആവേശം ഉണ്ടാകുന്നതുമല്ല. പറയുന്നു: അങ്ങനെയാകുമ്പോൾ ഔദാര്യവാന്റെ മഹത്തായ ഔദാര്യങ്ങളെ ചിന്തിച്ചു കൊണ്ട് ഉണ്ടാകേണ്ട പ്രകമ്പനം എന്ന മാനസികമായ അവസ്ഥ ഉണ്ടാകുന്നതല്ല. ഔദാര്യവാന്റെ ഔദാര്യങ്ങളെ മനസ്സിൽ സങ്കൽപ്പിക്കാൻ കഴിയുന്നതല്ല. മറിച്ച് ഒരു പൊതുവായ രീതിയിൽ അല്ലാഹുവിനോടു സ്രഷ്ടാവ് എന്ന നിലയിലുള്ള കടപ്പാടുകളെയും മറ്റും അംഗീകരിക്കുക മാത്രമാണ് ചെയ്യുക. അങ്ങനെയുള്ള ആളുകൾ പൊതുവായ രീതിയിൽ ഉപരിപ്ലവമായി അല്ലാഹുവിന്റെ സൃഷ്ടികർത്തൃത്വം അംഗീകരിക്കുന്നു. അതായത് അല്ലാഹു സ്രഷ്ടാവാണെന്നും അവനാണ് സൃഷ്ടിച്ചതെന്നും പറയുന്നു. എന്നാൽ, അതിന്റെ ആഴങ്ങളിലേക്കുള്ള അറിവ് ഉണ്ടാകുന്നതല്ല. അല്ലാഹുവിന്റെ ഔദാര്യങ്ങളുടെ വിശദാംശങ്ങളുടെ അഗാധതലങ്ങളെ മനസ്സിലാക്കിക്കൊണ്ട് ആ യഥാർഥ ഔദാര്യവാനെ മുന്നിൽ കാണുന്നതിന് അവർക്കൊരിക്കലും കഴിയുന്നതല്ല. അവർ ആഴത്തിൽ കാണാത്തതുകൊണ്ട് അല്ലാഹുവിന്റെ സൃഷ്ടികർത്തൃത്വം കാരണം അല്ലാഹുവിനോടുള്ള കടമകളെ യഥാവിധി നിർവഹിക്കാൻ കഴിയുന്നില്ല. അതിനെ കുറിച്ച് ആഴത്തിൽ അറിയുന്നില്ല. കാര്യ കാരണങ്ങളെ പൂജിക്കുക എന്ന പൊടിപടലങ്ങളിൽ യഥാർഥകാരണഭൂതന്റെ മുഖം കാണുന്നതിൽ നിന്ന് തടയുന്നു."

ഭൗതികമായ കാര്യകാരണങ്ങൾ അവർക്ക് ചുറ്റും അടിഞ്ഞുകൂടിയിരിക്കും. അവരുടെമേൽ അവയുടെ പൊടി കുമിഞ്ഞു കൂടിയിട്ടുണ്ടാകും. അക്കാരണത്താൽ അല്ലാഹുവിന്റെ ശരിയായ മുഖം അവർക്ക് കാണാൻ കഴിയുന്നില്ല. അവർക്ക് പരിപൂർണമായ നിലയിൽ യഥാർഥ ദാതാവിന്റെ സൗന്ദര്യം ദർശിക്കാനും സാധിക്കുന്നില്ല. നല്കുന്നവന്റെ, യഥാർഥമായി നല്കുന്നവന്റെ സൗന്ദര്യത്തിനുമേൽ ദൃഷ്ടിപതിപ്പിക്കാനും കഴിയുന്നില്ല. അവനെ കാണാനും കഴിയുന്നില്ല. "അതുകൊണ്ട് അവരുടെ അപൂർണമായ മഅ്രിഫത്ത് കാര്യഹേതുക്കളുടെ പരിഗണനയുടെ മാലിന്യവുമായി കൂടിച്ചേർന്നിരിക്കുന്നു. അവർക്കെന്താണോ മഅ്രിഫത്തായിട്ടുള്ളത്, അല്ലാഹുവിനെ കുറിച്ചുള്ള അല്പം ജ്ഞാനം കാരണത്താൽ ചിലപ്പോൾ നമസ്കരിക്കും ചിലപ്പോൾ നമസ്കരിക്കുകയില്ല. ചിലപ്പോൾ കടമകൾ നിറവേറ്റും ചിലപ്പോൾ നിറവേറ്റുകയില്ല. അതിൽ കാര്യകാരണങ്ങളുടെ മാലിന്യം ചേർന്നിട്ടുണ്ടാകും. ഭൗതികമായ കാര്യങ്ങളും ഭൗതികമായ കാരണങ്ങളും ഭൗതികമായ ആഗ്രഹങ്ങളും അതിൽ ചേരുന്നു. അതുകൊണ്ട് അവന് അല്ലാഹുവിന്റെ മുഖകമലത്തെ ശരിയായ നിലയിൽ കാണാൻ പറ്റുകയില്ല. "ഇക്കാരണത്താൽ അവന് അല്ലാഹുവിന്റെ ഔദാര്യങ്ങളെ നല്ലവണ്ണെ കാണാൻ സാധിക്കുകയില്ല. സ്വയവും അതിലേക്ക് ഇണങ്ങിച്ചേരുകയില്ല. അതു ഔദാര്യങ്ങൾ കാണുന്ന നേരത്ത് ചെയ്യേണ്ടിവരുന്നതാണ്." ഈ ഭാഗത്തേക്ക് പൂർണമായും ശ്രദ്ധതന്നെ ഉണ്ടാകുന്നില്ല. "ഇതുമുഖേന ഔദാര്യവാന്റെ രൂപം ദൃഷ്ടിക്കുമുന്നിൽ വരുന്നു. എന്നല്ല അവന്റെ മഅ്രിഫത്ത് അഥവാ ഈശ്വരീയജ്ഞാനം മൂടൽപോലെയായിരിക്കുമുണ്ടാകുന്നത്." എന്നല്ല തികച്ചും മൂടൽപോലെ വിരിച്ചിട്ടുണ്ടായിരിക്കും. വ്യക്തമായ നിലയിൽ, സ്ഫുടമായ നിലയിൽ അല്ലാഹുവിന്റെ മുഖകമലം അവർക്ക് കാണാൻ പറ്റുകയില്ല."ഇതിനു കാരണം അവർ കുറച്ചൊക്കെ തങ്ങളുടെ കഴിവുകളിലും തങ്ങളുടെ കാരണങ്ങളിലും വിശ്വസിക്കുന്നു. കുറച്ച് ഫോർമാലിറ്റി എന്ന നിലയിലും വിശ്വസിക്കുന്നു, അതായത് അല്ലാഹുവിന്റെ അവകാശമായ സൃഷ്ടിക്കുക എന്ന അവസ്ഥയും ഭക്ഷണം നല്കുക എന്ന അവസ്ഥയും നമ്മുടെമേൽ നിർബന്ധമാണെന്നും വിശ്വസിക്കുന്നു." വ്യക്തമായ നിലയിൽ

അവർക്കറിയുകയില്ല. തങ്ങൾ ഈ ജോലി ചെയ്തു എന്ന വിശ്വാസം മാത്രമാണ് അവർക്കുള്ളത്. ഞങ്ങൾക്ക് ഈ അറിവുണ്ടായിരുന്നു. അതുകൊണ്ട് ഞങ്ങളുടെ ഈ ജോലി ചെയ്തു കഴിഞ്ഞു. അതിൽ വിശ്വാസമുണ്ടാകുന്നു. ദീനിന്റെ ചുറ്റുപാടിൽ താമസിക്കുന്ന കാരണത്താൽ കുറച്ചൊക്കെ അതിന്റെ സ്വാധീനമുണ്ടാകുന്നവരുണ്ട്. അതുകൊണ്ട് സൃഷ്ടിപ്പ് അല്ലാഹുവിന്റെ അവകാശമാണ്. അതായത് അല്ലാഹു സൃഷ്ടിച്ചു. അല്ലാഹു നമുക്ക് രിസ്ഖ് നല്കി. നമ്മുടെ പരിപാലനത്തിനുള്ള സാഹചര്യമൊരുക്കി. അതും മനസ്സിലുണ്ടാകുന്നു. അപ്പോൾ അത് കൂടിക്കലർന്ന അവസ്ഥയായിരിക്കും. ഈ കൂടിക്കലർന്ന അവസ്ഥയിൽ അവന് യഥാർഥമായ നിലയിൽ അല്ലാഹുവിന്റെ മുഖം കാണാൻ സാധിക്കുകയില്ല."അല്ലാഹു മനുഷ്യന് സഹായിക്കാവുന്നതിനെക്കാൾ കൂടുതൽ ബുദ്ധിമുട്ട് നല്കുന്നില്ല. അതുകൊണ്ട് അവരിൽനിന്ന് അവൻ ആഗ്രഹിക്കുന്നത് അവൻ ചെയ്തുതന്ന അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുക എന്നതാണ്. *ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി* എന്ന ആയത്തിൽ ഈ അനുസരണം പരിഗണിച്ചുള്ള നീതിയാണ്." അല്ലാഹുവിന്റെ പരമകാരുണികത പിന്നീട് ഇവിടെ പ്രയോജനപ്പെടുന്നു. പൂർണമായ നിലയിൽ അല്ലാഹുവിന്റെ മുഖം കാണാൻ സാധിക്കാത്ത ആളുകളോടു അല്ലാഹു കരുണയോടെ പെരുമാറുന്നു. അവരുടെ ആ അവസ്ഥയും സ്വീകരിക്കുന്നു. അവിടന്ന് പറഞ്ഞു: 'എന്നാൽ, അതിനെക്കാളുപരി മറ്റൊരു നിലയിലുള്ള മനുഷ്യനുണ്ട്." ഇത് അദ്ൽ അഥവാ നീതിയാണ്. ഇത് അടിസ്ഥാനപരമായ കാര്യമാണ്. ഒരു മുസ്‌ലിമിന്റെ കുറഞ്ഞ നിലവാരമാണ്. പക്ഷേ, ഇതിനെക്കാളുപരി മനുഷ്യന്റെ മഅ്രിഫത്തിന്റേതാണ്. അതെന്താണെന്നാൽ നാം ഇപ്പോൾ വിവരിച്ചു കഴിഞ്ഞതുപോലെ ദർശന ദൃഷ്ടി കാര്യഹേതുക്കളിൽനിന്ന് തികച്ചും പരിശുദ്ധവും അന്യൂനവുമായിക്കൊണ്ട് അല്ലാഹുവിന്റെ ഫള്‌ലിന്റേയും ഇഹ്സാനിന്റേയും കരങ്ങളെ കാണുന്നു." ഈ ഭൗതികമായ കാര്യഹേതുക്കളെ മാത്രം വിശ്വസിക്കരുത്. പ്രത്യുത അല്ലാഹുവിന്റെ ഔദാര്യത്തെ ദൃഷ്ടി പിന്നിട് കാണുന്നു. അടുത്ത പടിയിൽ പോകുന്ന മനുഷ്യന് പൂർണമായ നിലയിൽ അല്ലാഹുവിൽ പ്രതീക്ഷ ഉണ്ടാകുന്നു, അവന്റെ ജ്ഞാനം കരസ്ഥമാകുന്നു. " ഈ സ്ഥാനത്ത് മനുഷ്യൻ കാര്യകാരണങ്ങളുടെ മറകളിൽനിന്ന് തികച്ചും വെളിയിൽ വരുന്നു. "ഭൗതികവസ്തുക്കളിൽ വിശ്വാസം അർപ്പിക്കുകയില്ല. പ്രത്യുത പരിപൂർണമായ വിശ്വാസം അല്ലാഹുവിലുണ്ടാകുന്നു. ഈ പഴഞ്ചൊല്ല്, അതായത് ഉദാഹരണത്തിന് എന്റെ സ്വന്തം നനവുകൊണ്ട് എന്റെ കൃഷി നന്നായി. എന്റെ കഴിവുകൊണ്ട് ഈ വിജയം എനിക്കുണ്ടായി, സയ്ദിന്റെ ദയകൊണ്ട് എന്റെ ഇന്ന കാര്യം നിറവേറ്റപ്പെട്ടു, ബക്റിന്റെ സമയോചി

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'(ജുമുഅ ഖുത്ബ 4-10-2019)**

**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

തമായ ഇടപെടലുകൊണ്ട് ഞാൻ നാശത്തിൽ നിന്ന് രക്ഷപ്പെട്ടു തുടങ്ങിയകാര്യങ്ങളെല്ലാം വ്യർഥവും നിഷ്ഫലവുമാണെന്ന് അവൻ അറിയാൻ തുടങ്ങുന്നു.' തന്റെ എന്തെങ്കിലും കഴിവിലും പരിശ്രമത്തിലും അവന് വിശ്വാസമുണ്ടാകുകയില്ല. മറ്റുള്ളവരുടെ കഴിവിലും പരിശ്രമത്തിലും വിശ്വാസമുണ്ടാകുന്നില്ല. എല്ലാ കാര്യങ്ങളും നിസ്സാരമായിത്തീരുന്നു. "ഒരേയൊരു അസ്തിത്വവും ഒരേയൊരു ഖുദ്റത്തും ഒരേയൊരു മുഹ്സിനും ഒരേയൊരു കൈയും മാത്രം അവൻ കാണുന്നു. അപ്പോഴാണ് മനുഷ്യൻ ഒരു ശുദ്ധമായ ദൃഷ്ടികൊണ്ട്-അതിന്റെ കൂടെ തരിമ്പും കാര്യഹേതുക്കളുടെ ശിർക്കിന്റെ പൊടിപടലങ്ങളുണ്ടാകുകയില്ല-അല്ലാഹുവിന്റെ ഔദാര്യങ്ങളെ കാണുന്നു."

അല്ലാഹുവിനെ ഇങ്ങനെ കാണാൻ തുടങ്ങുമ്പോൾ അല്ലാഹുവിന്റെ ഔദാര്യങ്ങളെ മനുഷ്യൻ കാണുന്നു. "ഈ ദർശനം എത്രമാത്രം ശുദ്ധവും ദൃഢഗാഢവുമായിരിക്കുമെന്നാൽ അവൻ അങ്ങനെയുള്ള ഔദാര്യവാനെ ആരാധിക്കുന്ന നേരത്ത് അവനെ അദൃശ്യനായി മനസ്സിലാക്കുകയില്ല. പ്രത്യുത തീർച്ചയായും അവൻ ഹാജരാണെന്ന് വിചാരിച്ച് അവനെ ആരാധിക്കുന്നു." പിന്നീട് മനുഷ്യൻ ഇബാദത്ത് ചെയ്യുമ്പോഴും നമസ്കരിക്കുമ്പോഴും അല്ലാഹുവിനെ തന്റെ അടുത്തുള്ളവനായി മനസ്സിലാക്കുന്നു. "വിശുദ്ധ ഖുർആനിൽ ഈ യിബാദത്തിന്റെ പേര് ഇഹ്സാൻ എന്നാണ്." അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് ചെയ്യുന്നതുപോലെ ആയിത്തീരുന്നു. അവിടന്ന് പറയുന്നു: ഇതിനെ വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ കാര്യത്തിൽ ഇഹ്സാൻ എന്നു പറയുന്നു. "സ്വഹീഹ് ബുഖാരിയിലും മുസ്‌ലിമിലും നബി(സ)തിരുമേനി തന്നെ ഇഹ്സാൻ എന്നതിന്റെ അർഥം വിവരിച്ചിട്ടുള്ളത് ഇതാണ്."

പിന്നെ ഇവിടെ കാര്യം അവസാനിക്കുന്നില്ല. പ്രത്യുത തുടർന്നു പറയുന്നു: "ഈ ദർജയ്ക്കു ശേഷം മറ്റൊരു ദർജയുണ്ട്. അതിന്റെ പേരാണ് ഈത്താഇദിൽ ഖുർബാ. ഇതിന്റെ വിശദീകരണം ഇങ്ങനെയാണ്: മനുഷ്യൻ ഒരു കാലം വരെ കാര്യഹേതുക്കളുടെ ശിർക്ക് കൂടാതെ അല്ലാഹുവിന്റെ ഔദാര്യങ്ങളെ കണ്ടുകൊണ്ടിരിക്കുമ്പോൾ." അതായത് അല്ലാഹുവിന്റെ ഔദാര്യങ്ങളെ ഭൗതികമായ കാര്യഹേതുക്കളൊന്നും കൂടാതെ കണ്ടുകൊണ്ടിരിക്കുമ്പോൾ, ശിർക്കൊന്നും കൂടാതെ കണ്ടുകൊണ്ടിരിക്കുമ്പോൾ പരിപൂർണമായും അല്ലാഹുവിൽമാത്രം പരിപൂർണ വിശ്വാസമുണ്ടാകുന്നു. അപ്പോൾ അവനെ ഹാജറും നേരിട്ട് ഔദാര്യവാനുമായി മനസ്സിലാക്കി അവനെ ആരാധിച്ചുകൊണ്ടിരിക്കുമ്പോൾ ആ സങ്കൽപത്തിന്റേയും ഭാവനയുടേയും അവസാന ഫലം വ്യക്തിപരമായൊരു സ്നേഹം ഉണ്ടാകുന്നതായിരിക്കും. ഒരു ഉദ്ദേശ്യവുമുണ്ടായിരിക്കുകയുമില്ല. തനിക്കാവശ്യമുണ്ടെന്ന നിലയിൽ ഏതെങ്കിലും കാര്യം ചോദിക്കുകയില്ല.പ്രത്യുത ഒരു വ്യക്തിപരമായ സ്നേഹം ഉണ്ടാകുന്നതായിരിക്കും. കാരണം നിരന്തരമുള്ള ഔദാര്യങ്ങളുടെ ബോധമുണ്ടല്ലോ, അതിന്റെ വായന, അതു കണ്ടുകൊണ്ടിരിക്കുക അതായത് അല്ലാഹു എങ്ങനെയാണ് ഔദാര്യങ്ങൾ ചെയ്യുന്നതെന്ന് നോക്കിക്കൊണ്ടിരിക്കുന്നത്, അതിന്റെ ഗ്രാഹ്യവും അതിന്റെ അറിവും കരസ്ഥമാകുക എന്നത്! പിന്നീടെന്താണുണ്ടാകുന്നത് അല്ലാഹുവിന്റെ വ്യക്തിപരമായ സ്നേഹമു ണ്ടാകുന്നു. കരാണം ഇത്തരം ബന്ധമുണ്ടാകുകയാണെങ്കിൽ വ്യക്തിപരമായ സ്നേഹത്താൽ മനസ്സ് നിറയുന്നു എന്നത് നിയമമാണ്. അവന്റെ അപരിമിതമായ ഔദാര്യങ്ങൾ അവന്റെമേൽ വലയം ചെയ്യപ്പെട്ടു. ഇങ്ങനെ വരുമ്പോൾ അവൻ ഔദാര്യങ്ങളെ ഭാവനയിൽ കണ്ടുകൊണ്ടുമാത്രം അല്ലാഹുവിനെ ആരാധിക്കുകയില്ല. പ്രത്യുത അവനോടുള്ള വ്യക്തിപരമായ സ്നേഹം അവന്റെ മനസ്സിൽ കുടിയിരിക്കുന്നു." ആദ്യം ചോദിക്കുന്നതിനുവേണ്ടിയുള്ള ആരാധന. പിന്നീട് അല്ലാവാണ് എല്ലാം എന്ന് മനസ്സിലാക്കിയുള്ള ആരാധന. ഔദാര്യങ്ങളുടെ വർണമായി, മനസ്സിലായി, പിന്നീട് അതിനെക്കാൾ മുന്നോട്ടു പോയി അപ്പോൾ എന്തെങ്കിലും ചോദിക്കുന്നതിനുവേണ്ടിയുള്ള ആരാധനയല്ല പ്രത്യുത അല്ലാഹുവുമായുള്ള വ്യക്തിപരമായ സ്നേഹം കാരണത്താൽ അവൻ അല്ലാഹുവിനെ സ്മരിക്കുന്നു. അക്കാരണത്താൽ അല്ലാഹുവിനെ ആരാധിക്കുന്നു. "കുട്ടിയ്ക്ക് വ്യക്തിപരമായൊരു ബന്ധം തന്റെ മാതാവിനോടുണ്ടാകുന്നതുപോലെ! ഈ സ്ഥാനത്ത് അവൻ ആരാധന നടത്തുന്ന നേരത്ത് അവൻ അല്ലാഹുവിനെ കാണുക മാത്രമല്ല ചെയ്യുന്നത് പ്രത്യുത കണ്ടുകൊണ്ട് സത്യസന്ധനായ അനുരക്തനെപോലെ ആനന്ദം ആസ്വദിക്കുകയും ചെയ്യുന്നു. ശാരീരേച്ഛകളെല്ലാം ഇല്ലാതായി വ്യക്തിപരമായ സ്നേഹം അവന്റെ ഉള്ളിലുണ്ടാകുന്നു. ഇതു ഏതു സ്ഥാനമാണെന്നാൽ ഇതിനെ അല്ലാഹു ഈത്താഇദിൽ ഖുർബാ എന്ന പദംകൊണ്ട് വ്യാഖ്യാനിച്ചു. അതാണ് അല്ലാഹു *ഫദ്കുറുല്ലാഹ ക ദിക്രിക്കും ആബാഅക്കും ഔ അശദ്ദ ദിക്റൻ*(2:201) എന്ന ആയത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. നിങ്ങളുടെ പൂർവപിതാക്കളെ നിങ്ങൾ സ്മരിച്ചിരുന്നതുപോലെ, അഥവാ അതിലുപരിയായി അല്ലാഹുവിനെ നിങ്ങൾ സ്മരിക്കുക. ഇതാണ് അല്ലാഹുവിനോടു ആത്മാർഥ സ്നേഹമുണ്ടെന്നതിന്റെ സ്ഥാനം.

പിന്നീട് അവിടന്ന് പറയുന്നു: *ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽഇഹ്സാനി ഈത്താഇദിൽ ഖുർബാ* (16:91) എന്നതിന്റെ വ്യാഖ്യാമിതാണ്. ഇതിൽ അല്ലാഹു മാനുഷികമായ മഅ്രിഫത്തിന്റെ മൂന്നു സ്ഥാനങ്ങളും വിവരിച്ചിരിക്കുന്നു. മൂന്നാമത്തെ സ്ഥാനത്തെ വ്യക്തിപരമായ സ്നേഹത്തിന്റെ സ്ഥാനമായി നിശ്ചയിച്ചിരിക്കുന്നു. ഇതു എങ്ങനെയുള്ള സ്ഥാനമാണെന്നാൽ ഇതിൽ എല്ലാ ശരീരേച്ഛകളും കത്തിക്കരിഞ്ഞുപോകുന്നു. ഒരു കുപ്പി അത്തർകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ മനസ്സ് സ്നേഹത്താൽ നിറഞ്ഞിട്ടുണ്ടാകുന്നു. അതായത് അത്തർ കുപ്പി. അതിലേക്കാണ് ഈ വചനം സൂചന നല്കുന്നത്, *വമിനന്നാസി മൻയുശ്രീ നഫ്സഹുബ്തിഗാഅ മർളാത്തില്ലാഹി വല്ലാഹു റഊഫുൻ ബിൽയിബാദ്*(2:208) അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് തങ്ങളുടെ ജീവനെ വിൽക്കുന്ന ചിലരും മനുഷ്യരിലുണ്ട്. അല്ലാഹു (തന്റെ അത്തരം ഭക്ത) ദാസനോടു ഏറെ കരുണയുള്ളവനാകുന്നു. പിന്നീട് പറഞ്ഞു: *ബലാ മൻ അസ്‌ലമ വജ്ഹഹു ലില്ലാഹി വഹുവ മുഹ്സിനുൻ ലഹൂ അജ്റഹു യിൻദ റബ്ബിഹീ വലാ ഖൗഫുൻ അലയ്ഹിം വലാഹും യഹ്സനൂൻ* (2:113)

അതായത് മോക്ഷം പ്രാപിച്ചയാളുകൾ, അവർ തങ്ങളെ അല്ലാഹുവിനെ ഏല്പിക്കുകയും അവന്റെ നിഅ്മത്തുകളുടെ ഭാവനയാൽ അവനെ കണ്ടുകൊണ്ടിരിക്കുന്നതുപോലെ ആരാധിക്കുക. അത്തരമാളുകളാണ് അല്ലാഹുവിന്റെ അടുത്ത് പ്രതിഫലം പ്രാപിക്കുന്നവർ. അവർക്ക് ഒട്ടും ഭയവുമില്ല. അവർ ദുഃഖിക്കുന്നതുമില്ല. അതായത് അവരുടെ ലക്ഷ്യം അല്ലാഹുവും അല്ലാഹുവിന്റെ സ്നേഹവുമാകുന്നു. അല്ലാഹുവിന്റെ അടുത്തുള്ള നിഅ്മത്തുകൾ അവരുടെ പ്രതിഫലമാകുന്നു.

വീണ്ടും ഒരു സ്ഥലത്ത് പറയുന്നു: *യുത്യിമൂനത്ത്വആമ അലാ ഹുബ്ബിഹീ മിസ്ക്കീനൻ വ്വയത്തീമൻവ്വ അസീറൻ. ഇന്നമാ നുത്യിമുക്കും ലി വജ്ഹില്ലാഹി ലാ നുരീദു മിൻകും ജസാഅൻ വ്വലാ ശുകൂറൻ* (76:9-10) അതായത് വിശ്വാസി അല്ലാഹുവിനോടുള്ള സ്നേഹത്തിൽ അഗതികൾക്കും അനാഥർക്കും ബന്ധനസ്ഥർക്കും ഭക്ഷണം നല്കുന്നു. മാത്രമല്ല ഈ ഭക്ഷണം നൽകുന്നതിൽ തങ്ങൾ നിങ്ങളോട് എന്തെങ്കിലും പ്രതിഫലമോ നന്ദിയോ പ്രതീക്ഷിക്കുന്നില്ലെന്നും മറ്റൊരു ലക്ഷ്യവുമില്ലെന്നും അവർ പറയുകയും ചെയ്യുന്നു. ഈ എല്ലാ സേവനങ്ങൾ മുഖേനയും അല്ലാഹുവിന്റെ തിരുമുഖം മാത്രമാണ് തങ്ങൾ ലക്ഷ്യമാക്കുന്നത്. അതായത് ഈ എല്ലാ സേവനങ്ങളും മുഖേന അല്ലാഹു തൃപ്തനാകണമെന്നും അല്ലാഹുവിന്റെ കാരുണ്യകടാക്ഷം തങ്ങളിൽ പതിയണമെന്നും മാത്രമാണ് ആഗ്രഹിക്കുന്നത്. അല്ലാഹുവിനെ തങ്ങൾക്ക് കൂടുതൽ കാണണം. ഈ ആയത്തുകളിൽ നിന്നെല്ലാം വ്യക്തമായി മനസ്സിലാകുന്നതെന്തെന്നാൽ വിശുദ്ധ ഖുർആൻ ഉന്നതമായ ദൈവികാരാധനയുടെയും സൽകർമങ്ങളുടെയും നിലവാരം ദൈവിക സ്നേഹവും ദൈവിക തൃപ്തിയും സത്യഹൃദയത്തോടെ ഉണ്ടാകണമെന്ന് മാത്രമായിരിക്കും." (നൂറുൽ ഖുർആൻ നമ്പർ 2, റൂഹാനീ ഖസാഇൻ വാല്യം 9, പേജ് 437-441)

അല്ലാഹുവിനോടുള്ള സത്യസന്ധമായ സ്നേഹം കരസ്ഥമാക്കുന്നതിന് ഈ ആയത്തിൽ പരാമർശിച്ചതുപോലെ അല്ലാഹുവിന്റെ സൃഷ്ടികളോടും വ്യക്തിപരമായ സഹാനുഭൂതിയും ബന്ധവും സ്ഥാപിക്കുന്നു. അവരോടുള്ള കടമകൾ വിശ്വാസിയും അല്ലാഹുവിനെ സ്നേഹിക്കുന്നവനുമായ ദാസനു മാത്രമേ ശരിയായ നിലയിൽ നിറവേറ്റാൻ കഴിയുകയുള്ളു.

"അല്ലാഹു നിങ്ങളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നത്." കശ്തിയെ നൂഹിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉപദേശിച്ചുകൊണ്ടു പറയുന്നു: "അല്ലാഹു നിങ്ങളിൽനിന്ന് എന്താണ് ഇച്ഛിക്കുന്നത്? നിങ്ങൾ എല്ലാ മനുഷ്യരോടും നീതിയും ന്യായവും വെച്ചുപുലർത്തുക. അതിലുപരി നിങ്ങളോട് നന്മ കാണിക്കാത്തവരോടും നിങ്ങൾ നന്മയും ഔദാര്യവും കാണിക്കുക. അതിലുമുപരി നിങ്ങൾ അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും സ്വന്തം ബന്ധുക്കളോടെന്നപോലെ, മാതാക്കൾ മക്കളോടു കാണിക്കുന്ന രീതിയിൽ ഔദാര്യം കാണിക്കുക. കാരണം ചിലപ്പോൾ ഔദാര്യം കാണിക്കുന്നതുകൊണ്ട് ഒരുവിധത്തിലുള്ള അഹങ്കാരം ഗുപ്തമായ നിലയിൽ ഉണ്ടാകാനിടയുണ്ട്. എന്നാൽ, ഒരു മാതാവിനെപ്പോലെ സ്വാഭാവിക വികാരഭാവത്തോടെ നന്മ ചെയ്യുന്നയാൾ ഒരിക്കലും അഹങ്കാരം കാണിക്കുന്നില്ല. നന്മ ചെയ്യുന്നതിനുള്ള അവസാനത്തെ ശ്രേണി ഒരു മാതാവിന് തന്റെ മക്കളോട് പ്രകൃത്യായുള്ള വികാരഭാവമാകുന്നു.

ഈ വചനം സൃഷ്ടികളുമായി മാത്രം ബന്ധപ്പെട്ടതല്ല. സ്രഷ്ടാവായ അല്ലാഹുവുമായും ബന്ധപ്പെട്ടതാണ്. അല്ലാഹുവിനോട് നീതി എന്നു പറയുന്നത്, അവന്റെ അനുഗ്രഹങ്ങളെ സ്മരിച്ചുകൊണ്ട് അവനെ അനുസരിക്കുകയാണ്. അല്ലാഹുവിനോടുള്ള ഔദാര്യം എന്നു പറയുന്നത് അവനെ കാണുന്നുവെന്ന നിലയിൽ അവനിൽ ദൃഢമായും വിശ്വസിക്കുക എന്നാണ്. അല്ലാഹുവിനോട് ബന്ധുസ്നേഹപരമായ ഉപകാരം എന്നത് അവനെ ആരാധിക്കുന്നത് സ്വർഗ്ഗം ലഭിക്കണമെന്ന അഭിവാഞ്ച കൊണ്ടോ നരകത്തെക്കുറിച്ചുള്ള ഭയംകൊണ്ടോ അല്ലാതെ സ്വർഗ്ഗമോ നരകമോ ഇല്ലെന്ന് സങ്കല്പി

ക്കപ്പെട്ടാലും ദൈവസ്നേഹത്തിനും അനുസരണത്തിനും ഒരു കോട്ടവും ഉണ്ടാകാൻ പാടില്ല എന്നതാകുന്നു.” (കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാള്യം 19,പേജ് 30 31)

ഇത് അല്ലാഹുവിനോടുള്ള വ്യക്തിപരമായ സ്നേഹമാണ്. മുമ്പേ വിശദമായി വിവരിച്ചതിന്റെ സംക്ഷിപ്തമാണിത്. ഇത് കശ്തിയെ നൂഹിൽ അവിടന്ന് നമുക്ക് വിശദീകരിച്ചുതന്നതാണ്.

സമസൃഷ്ടികളോടുള്ള കടമകളിലേക്ക് ശ്രദ്ധ തിരിച്ചുകൊണ്ട് ആ മഹാത്മാവ് കുറേകൂടി വിശദമായി പറയുന്നു; “അല്ലാഹു നിങ്ങൾ നീതിയോടെ പ്രവർത്തിക്കണമെന്നും നീതിക്ക് അതീതമായി നീതിയോടെ പ്രവർത്തിക്കുന്നതോടൊപ്പം തന്നെ ഇഹ്സാൻ ചെയ്യണമെന്നും പിന്നെ ഇഹ്സാനെക്കാളുപരി നിങ്ങൾ ജനങ്ങളോട് നിങ്ങളുടെ ഏറ്റവും അടുത്ത പ്രിയപ്പെട്ടവരോടും ബന്ധുക്കളോടുമെന്നപോലെ സ്നേഹപൂർവ്വം വർത്തിക്കണമെന്നും കല്പിക്കുന്നു. അതിനാൽ അറിയുക, ഈ മൂന്നു തലങ്ങൾ തന്നെയാണുള്ളത്. ഒന്ന് മനുഷ്യൻ നീതിയോടെ പ്രവർത്തിക്കുന്നു. അതായത് അവകാശങ്ങൾക്ക് പകരമായി അവകാശങ്ങൾ ആവശ്യപ്പെടുന്നു. പിന്നെ അതിനേക്കാളും ഉയർന്ന തലമാണ് ഇഹ്സാൻ എന്നത്. പിന്നെ അതിനെക്കാളുമുപരിയായി ഇഹ്സാനെയും പിന്നിലാക്കുന്നു. തുടർന്ന് ഒരു മാതാവ് കുട്ടിയോടെന്നപോലെ സഹാനുഭൂതിയോടും നൈസർഗികമായ ആവേശത്തോടുംകൂടി ഔദാര്യം ചെയ്യാനുള്ള നിശ്ചയത്തോടെ ജനങ്ങളോടു സ്നേഹം പ്രകടിപ്പിക്കുന്നു. ഇതാണ് ഹുഖൂഖുൽ ഇബാദ് അഥവാ സൃഷ്ടികളോടുള്ള കടമ എന്നതിന്റെ രത്നച്ചുരുക്കം.(ജങ്കെ മുഖദ്ദസ്, റൂഹാനീ ഖസാഇൻ വാള്യം 6, പേജ് 127)

തുടർന്ന് പല സ്ഥലങ്ങളിലും അദ്ദേഹം അന്യമതസ്ഥരായ ആളുകൾക്ക് ഇസ്ലാമിന്റെ മേന്മകൾ എന്താണെന്ന് പറഞ്ഞു കൊടുത്തിട്ടുണ്ട്. വിവിധ സന്ദർഭങ്ങളിൽ ജമാഅത്തിനെയും ഉപദേശിച്ചിട്ടുണ്ട്. ഒരിക്കൽ അദ്ദേഹം, ഉപദേശങ്ങൾ നൽകിക്കൊണ്ടു പറഞ്ഞു:

“സമസൃഷ്ടികളോടു സ്വന്തം ബന്ധുക്കളോടെന്നപോലെ നിങ്ങൾ പെരുമാറുക. ഇത് ഏറ്റവും ഉയർന്ന തലമാകുന്നു. കാരണം ഇഹ്സാൻ എന്നതിൽ ഒരു തരം പ്രദർശനപരതയുടെ ധാതുവുണ്ട്. ആരെങ്കിലും ഔദാര്യത്തെ വിസ്മരിക്കുകയാണെങ്കിൽ ഔദാര്യം കാണിച്ചവൻ ഉടൻതന്നെ ഞാൻ നിന്നോട് ഇന്ന ഔദാര്യം ചെയ്തിട്ടുണ്ടെന്ന് വിളിച്ച് പറയുന്നു. എന്നാൽ, ഒരു മാതാവിന് കുട്ടിയോടുള്ള നൈസർഗികമായ സ്നേഹത്തിൽ ഒരു തരത്തിലുള്ള പ്രദർശനപരതയുമില്ല. ആരോടെങ്കിലും ഔദാര്യം ചെയ്താൽ ചിലപ്പോൾ അത് പ്രകടിപ്പിക്കുന്നു. എന്നാൽ, മാതാവ് കുട്ടിയോട് തന്റെ ഔദാര്യം എടുത്ത് പറയുന്നില്ല. മാത്രമല്ല ഒരു രാജാവ് മാതാവിനോടു നീ നിന്റെ കുട്ടിയെ കൊല്ലുകയാണെങ്കിൽ പോലും നിന്നെ ചോദ്യം ചെയ്യുന്നതല്ലെന്ന് പറഞ്ഞാൽപോലും മാതാവ് അങ്ങനെ ചെയ്യാൻ തുനിയുന്നതല്ല. മറിച്ച് രാജാവിനെ ശകാരിക്കുകയാണ് ചെയ്യുക. വാസ്തവത്തിൽ കുട്ടി യുവാവാകുമ്പോഴേക്കും താൻ മരണപ്പെടുമെന്ന് അറിഞ്ഞാൽപോലും സ്വാഭാവികമായ സ്നേഹം കാരണം അവൾ കുട്ടിയുടെ പരിപാലനം ഉപേക്ഷിക്കുന്നില്ല. ഭൂരിഭാഗം മാതാപിതാക്കളും വൃദ്ധരാകുന്നു. അവർക്ക് മക്കളുണ്ടെങ്കിൽ പോലും അവരിൽ നിന്ന് പ്രയോജനം കിട്ടുമെന്ന പ്രതീക്ഷയൊന്നുമുണ്ടാകുന്നില്ല. എന്നാൽ, ഇങ്ങനെയൊക്കെയായിരുന്നിട്ടും അവർ മക്കളെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. ഇതൊരു സ്വാഭാവികമായ കാര്യമാകുന്നു. ഈ തലത്തിലേക്ക് എത്തുന്നതിനെ സൂചിപ്പിച്ച് കൊണ്ട് ഈത്താ ഇദിൽ ഖുർബയും പറയുന്നു. അതായത് ഇത്തരത്തിലുള്ള സ്നേഹമാണ് അല്ലാഹുവുമായിട്ട് ഉണ്ടാകേണ്ടത്. അത് സ്ഥാനമാനങ്ങൾ കിട്ടാനുള്ള ആഗ്രഹങ്ങൾകൊണ്ടോ നിന്ദ്യരാകുമെന്ന ഭയം കൊണ്ടോ ആകരുത്.” (മൽഫൂദാത്ത് വാള്യം 6, പേജ് 181–182, 1984 പതിപ്പ്)

തുടർന്ന് അദ്ദേഹം പറയുന്നു: “ഏറ്റവും താഴെക്കിടയിലുള്ള നീതി, വാങ്ങുന്നത്രയും തിരിച്ചുകൊടുക്കുക എന്നതാണ്. ഇതാണ് നീതിയുടെ ഏറ്റവും ചെറിയ മാനദണ്ഡം. ഇതിൽ നിന്ന് പുരോഗതി പ്രാപിക്കുമ്പോൾ ഇഹ്സാൻ എന്ന തലത്തിലെത്തുന്നു. വാങ്ങിയത് അത്രയും തിരിച്ചുകൊടുക്കുക മാത്രമല്ല, അതിനെക്കാൾ കൂടുതൽ കൊടുക്കുകയും ചെയ്യുക. അതായത് എത്രയാണോ വാങ്ങുന്നത് അതും അതിൽ അൽപം കൂടുതലും തിരിച്ചു കൊടുക്കുക. അതാണ് ഇഹ്സാൻ. പിന്നെ ഇതിനും അപ്പുറത്ത് ഈത്താഇദിൽ ഖുർബാ എന്ന തലമാണുള്ളത്. അതായത് മറ്റുള്ളവരോടു മാതാവ് കുട്ടിയോടെന്ന പോലെ ഒരു ഉദ്ദേശ്യവും പ്രതിഫലേച്ഛയും കൂടാതെ സ്വാഭാവികമായ സ്നേഹം പ്രകടിപ്പിക്കുക. വിശുദ്ധ ഖുർആനിൽ നിന്ന് മനസ്സിലാകുന്നത് ദൈവികരായ ആളുകൾ പുരോഗതി പ്രാപിക്കുമ്പോൾ ഈ സ്ഥാനം കരസ്ഥമാകുന്നു എന്നാണ്. അതായത് നിങ്ങൾ ആഗ്രഹിക്കുകയായണെങ്കിൽ അല്ലാഹുവുമായും ഇത്തരം സ്നേഹം ഉണ്ടാക്കാവുന്നതാണ്. മനുഷ്യന്റെ കഴിവുകൾ പരിമിതമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ കാര്യങ്ങൾ എല്ലാം ലഭ്യമാകുന്നതാണ്. മറിച്ച് ഇത് വിശാലമായ ധാർമികതക്ക് അനിവാര്യവുമാകുന്നു. പറയുന്നു; ദൈവികരായ ആളുകൾ അഭിവൃദ്ധിപ്പെട്ട് മാതൃസ്നേഹത്തേക്കാളുമുപരിയായ നിലയിൽ മനുഷ്യനോട് സ്നേഹം പ്രകടിപ്പിക്കുന്നു.” (മൽഫൂദാത്ത് വാള്യം 7, പേജ് 375, 1984 പതിപ്പ്)

സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിന് മാതാക്കൾ കാണിക്കുന്നതിനെക്കാളധികം അവർ മനുഷ്യകുലത്തോട് സ്നേഹം കാണിക്കുന്നവരായിരിക്കും.

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: “നീതിയുടെ അവസ്ഥ ഒരു മുത്തഖിയുടെ അവസ്ഥയിൽ ദോഷപ്രവണമായ ആത്മാവിന്റെ രൂപത്തിലാണുള്ളത്. ഈ അവസ്ഥയിൽ പരിഷ്കരണത്തിന് വേണ്ടിയാണു നീതിപൂർവ്വം വർത്തിക്കാൻ കൽപിച്ചത്. തിന്മകളിൽ നിന്ന് പുറത്തേക്ക് വരുന്നതും ദുഷ്ചിന്തകളിൽനിന്ന് മുക്തമാകുന്നതും അദ്ൽ അഥവാ നീതിയുടെ അവസ്ഥ തന്നെയാണ്. തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതിന് ആത്മാവിനോട് യുദ്ധം ചെയ്യേണ്ടി വരുന്നു. ഇതും നീതിയുടെ ഒരു വകഭേദമാകുന്നു. “ഉദാഹരണമായി ആർക്കെങ്കിലും കടം വീട്ടാനുണ്ടെന്ന് കരുതുക. എന്നാൽ, മനസ്സ് ഏതെങ്കിലും രീതിയിൽ അതിനെ അമർത്തി വെക്കാനും യാദൃശ്ചികമായി കാലാവധി കഴിഞ്ഞു പോകണമെന്നും ആഗ്രഹിക്കുന്നു. ഈ രീതിയിൽ ആത്മാവ് വീണ്ടും തന്റേടിയും കടിഞ്ഞാണില്ലാത്തുമായിത്തീരും. ഇപ്പോളാണെങ്കിൽ നിയമപരമായ നിലയിലും കാരണം ചോദിക്കാൻ പറ്റുകയില്ല. എന്നാൽ, ഇതു ശരിയല്ല. നീതിയുടെ തേട്ടമെന്നു പറയുന്നത് അവനു നിർബന്ധമായും കൊടുക്കാനുള്ളത് കൊടുക്കുക എന്നതാണ്.” നിർബന്ധമായും വീട്ടാനുള്ള കടം കൊടുക്കുക.“ഒരുതരത്തിലുള്ള തന്ത്രങ്ങളും ഒഴികഴിവുകൊണ്ടും അത് പിടിച്ചുവെക്കാൻ പാടില്ല.” ചിലയാളുകൾ കടം വീട്ടാതിരിക്കാനും കൃത്യസമയത്ത് അടക്കാതിരിക്കാനും–എന്നല്ല വ്യക്തമായ തെളിവില്ലെങ്കിൽ ചില സന്ദർഭങ്ങളിൽ കടം വാങ്ങിയിട്ടില്ലെന്ന് പറഞ്ഞ് തികച്ചും നിഷേധിക്കാനും–ശ്രമിക്കാറുണ്ട്. അല്ലാഹു അവരുടെ ഓരോ കർമവും കാണുന്നുണ്ടെന്ന് അവർ അറിയേണ്ടതാണ്.

ഇതിനോടനുബന്ധിച്ച് ഇതും കൂടെ പറയട്ടെ, കൊടുക്കൽ വാങ്ങലിന്റെ വഴക്ക് തുടങ്ങുന്നത്, ചില ഘട്ടങ്ങളിലാളുകൾ അനാവശ്യമായ വിശ്വാസവും ഉറപ്പും മറ്റുള്ളവരോടു കാട്ടാറുണ്ട്; കൊടുക്കൽ വാങ്ങലിന്റെ കാര്യങ്ങൾ എഴുതി രേഖപ്പെടുത്തണമെന്ന അല്ലാഹുവിന്റെ കല്പന നിലനില്ക്കുമ്പോഴാണിത്. എന്റെ അടുത്ത ബന്ധുവാണ്, എന്റെ ഏറ്റവും അടുത്ത സുഹൃത്താണ് അതുകൊണ്ട് ഞാനെഴുതിയില്ല എന്നൊന്നും പറഞ്ഞാൽ നടക്കുകയില്ല. ഇതിൽനിന്നാണ് വഴക്ക് തുടങ്ങുന്നത്. ഇതു മുഖേന പിന്നീട് ദോഷപ്രവണമായ ആത്മാവ് മനുഷ്യനെ തെറ്റായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു. എന്തായാലും ഒരു മുഅ്മിനിന്റെ ജോലി അതിൽനിന്ന് രക്ഷപ്പെടുകയും നീതിപൂർവം പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: “എനിക്ക് വേദനയോടെ പറയേണ്ടിവരുന്നു. ചിലയാളുകൾ ഇക്കാര്യങ്ങൾ വകവെയ്ക്കുകയില്ല. നമ്മുടെ ജമാഅത്തിലും അത്തരക്കാരുണ്ട്. അവർ തങ്ങളുടെ കടങ്ങൾ വീട്ടാൻ അവർ വളരെ കുറച്ചാണ് ശ്രദ്ധിക്കുന്നത്. ഇതു നീതിക്കു വിരുദ്ധമാണ്

നബി(സ)തിരുമേനി അത്തരം ആളുകളുടെ മയ്യിത്ത് നമസ്കരിച്ചിരുന്നില്ല. അതുകൊണ്ട് നിങ്ങളിലോരോരുത്തരും ഇക്കാര്യം നല്ലവണ്ണം ഓർത്തു വെക്കുക. കടം വീട്ടുന്നതിൽ അലസത കാണിക്കാതിരിക്കേണ്ടതാണ്. എല്ലാതരത്തിലുളള വഞ്ചനകളിൽനിന്നും അവിശ്വസ്തതകളിൽനിന്നും ദൂരത്തേക്ക് ഓടേണ്ടതാണ്. കാരണം ഇത് ഈ ആയത്തിൽ അവൻ നല്കിയ കൽപനയ്ക്ക് വിരുദ്ധമാണ്.”

വീണ്ടും അവിടന്ന് പറയുന്നു: അതിനുശേഷമുള്ളത് ഇഹ്സാനിന്റെ ദർജയാണ്. ആരാണോ നീതി പരിഗണിക്കുകയും അതിന്റെ

## ത്വാലിബെ ദുആ

“ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു.”(മൽഫൂദാത്ത് വാള്യം 1, പേജ് 220)



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം: •

‘അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.’(ജുമുഅ ഖുത്വ്ബ 4–10–2019)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

അതിർലംഘിക്കാതിരിക്കുകയും ചെയ്യുന്നത് അല്ലാഹു അവർക്ക് തൗഫീഖും ശക്തിയും പ്രദാനം ചെയ്യുന്നു, അങ്ങനെ അവർ നന്മയിൽ കൂടുതൽ അഭിവൃദ്ധിപ്പെടുന്നു. എത്രത്തോളമെന്നാൽ അവർ നീതിപൂർവം പെരുമാറുക മാത്രമല്ല ചെയ്യുന്നത് അൽപം നന്മയ്ക്കുപകരം വളരെ വലിയ നന്മകൾ ചെയ്യുന്നു. പക്ഷേ, ഇഹ്സാനിന്റെ അവസ്ഥയിലും ഒരു ബലഹീനത ബാക്കിയുണ്ടാകും. അതെന്താണെന്നാൽ ഏതെങ്കിലും നേരത്ത് ആ നന്മയെ ഓർമിപ്പിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന് ഒരാൾ 10 വർഷംവരെ ഒരാൾക്ക് ഭക്ഷണം നല്കുന്നു. ഒരിക്കലും അവൻ പറയുന്നതൊന്നും സമ്മതിക്കുന്നില്ല. അങ്ങനെയിരിക്കെ ഒരിക്കൽ പറയുന്നു, പത്ത് വർഷംവരെ നമ്മുടെ ഭക്ഷണത്തിന്റെ അടിമയായിരുന്നു. ഈ രീതിയിൽ ആ നന്മയെ അയാൾ നിഷ്ഫലമാക്കിക്കളയുന്നു വാസ്തവത്തിൽ ഇഹ്സാൻകാരുടെ ഉള്ളിലും ഒരു തരത്തിൽ മറഞ്ഞിരിക്കുന്ന പ്രദർശനപരതയുണ്ട്." ഒളിഞ്ഞിരിക്കുന്ന പ്രദർശനപരതയുണ്ട്. അത് ഇഹ്സാൻ അഥവാ ഔദാര്യം ചെയ്യുന്നു! " പക്ഷേ മൂന്നാമത്ത് ദർജ എല്ലാതരത്തിലുള്ള അഴുക്കുകളിൽനിന്നും വ്യത്തികേടുകളിൽനിന്നും പരിശുദ്ധമാണ്. അത് ഈത്താഇദിൽ ഖുർബായുടെ സ്ഥാനമാണ്."

അവിടന്ന് പറഞ്ഞു: ഈത്താഇദിൽ ഖുർബായുടെ ദർജ നൈസർഗികമായ അവസ്ഥയുടെ ദർജയാണ്. അതായത് ഏതൊരു സ്ഥാനത്താണോ സ്വാഭാവികമായ തേട്ടത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യനിൽ നന്മകളുണ്ടാകുന്നത്. അതിന്റെ ഉദാഹരണം ഇങ്ങനെയാണ്. മാതാവ് തന്റെ കുട്ടിക്ക് പാലു കൊടുക്കുന്നു. അതിനെ വളർത്തുന്നു. അത് വളർന്നുവലുതായി സമ്പാദിച്ചുകൊണ്ടുവരുമെന്നും തങ്ങളെ സേവിക്കുമെന്നുമുള്ള ചിന്തപോലും അവർക്കുണ്ടാകുകയില്ല. ഏതെങ്കിലും രാജാവ് ഒരു മാതാവിനോടു നീ കുഞ്ഞിന് പാലുകൊടുക്കാതിരുന്നാൽ, അതുമുഖേന ആ കുഞ്ഞു മരിച്ചാലും നീ ചോദ്യം ചെയ്യപ്പെടുകയില്ലെന്ന് പറഞ്ഞാലും ആ മാതാവ് ആ കുഞ്ഞിന് പാലുകൊടുക്കാതിരിക്കുകയില്ല. എന്നല്ല അത്തരം രാജാവിനെ അവൾ നാലു ചീത്തയായിരിക്കും വിളിക്കുക. കാരണം ആ കുഞ്ഞിനെ വളർത്തുകയെന്നത് അവളുടെ പ്രകൃതിപരമായ ആവശ്യമാണ്. അത് ഏതെങ്കിലും പ്രതീക്ഷയിലോ ഭയത്തിലോ അധിഷ്ഠിതമല്ല. ഇപ്രകാരം മനുഷ്യൻ നന്മയിൽ അഭിവൃദ്ധിപ്പെട്ട് പെട്ട് നൈസർഗികമായിത്തന്നെ അതു ചെയ്യുന്ന അവസ്ഥ പ്രാപിക്കുന്ന സ്ഥാനത്തെത്തുമ്പോൾ ആ സ്ഥാനത്തിനാണ് 'മുത്മഇന്ന ആത്മാവ്' എന്നു പറയുന്നത്."(മൽഫൂദാത്ത് വാല്യം 8, പേജ് 312–314, 1984 ഖാദിയാൻസ പതിപ്പ്)

വീണ്ടും പറഞ്ഞു, മാതാവ് തന്റേമേൽ വിഷമം സഹിക്കുന്നു. എന്നാലും കുട്ടിയുടെ സുഖത്തിനുവേണ്ടി പരിശ്രമിക്കുന്നു. ഈർപ്പമുള്ള തറയിൽ കിടക്കുന്നു. കുഞ്ഞിനെ ഉണങ്ങിയ നിലത്ത് ബിസ്തർ വിരിച്ച് കിടത്തുന്നു. കുഞ്ഞിന് സുഖമില്ലാതായാൽ രാത്രി മുഴുവൻ ഉണർന്നിരിക്കുന്നു. പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ സഹിക്കുന്നു. ഇനി പറയുക, മാതാവ് കുട്ടിക്കുവേണ്ടി ഇത്രയധികം ബുദ്ധിമുട്ടുകൾ സഹിക്കുന്നതിൽ എന്തെങ്കിലും കൃത്രിമത്തിന്റേയോ വേഷംകെട്ടലിന്റേയോ വല്ല അംശവുമുണ്ടാകുമോ? ഇത് ആത്മാർഥമായി സ്നേഹം കാരണത്താലാണ്. ഈ സ്നേഹമാണ് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമനിറവേറ്റുന്നതിൽ ഒരു മുഅ്മിനിൽ ഉണ്ടായിരിക്കേണ്ടത്.

പറഞ്ഞു: അല്ലാഹു പറയുന്നു, ഇഹ്സാൻ അഥവാ ഔദാര്യത്തിന്റെ നിലയിൽ നിന്ന് മുന്നേറി ഈത്താഇദിൽ ഖുർബാ എന്ന നിലയിലേക്ക് ഉയരേണ്ടതാണ്. ദൈവ സൃഷ്ടികളോടുള്ള കടമ പ്രതിഫലേച്ഛയും ലാഭേച്ഛയും കൂടാതെ, സ്വാഭാവികവും പ്രകൃതിപരവുമായ ചിന്തയോടുകൂടി നിറവേറ്റേണ്ടതാണ്. ദൈവ സൃഷ്ടികളോടുള്ള നിങ്ങളുടെ നന്മയിൽ ഒരു വിധത്തിലുള്ള പ്രദർശനപരതയും ഉണ്ടാകരുത്. അല്ലാഹു മറ്റൊരു സ്ഥലത്ത് ഇപ്രകാരം പറയുന്നു: *ലാ നുരീദു മിൻകും ജസാഅൻവ്വലാ ശുകൂറൻ*(76:10). അതായത് ദൈവികരും ഉന്നതമായ അഭിവൃദ്ധി കരസ്ഥമാക്കിയവരുമായ ആളുകൾ നന്മകൾ തികച്ചും അല്ലാഹുവിന് വേണ്ടി മാത്രം ചെയ്യുന്നു എന്നത് ഒരു പൊതു തത്ത്വമാണ്. അവരുടെ ഹൃദയത്തിൽ അവർക്കുവേണ്ടി പ്രാർഥിക്കണമെന്നോ നന്ദി പ്രകടനം ഉണ്ടാകണമെന്നോ ഉള്ള ചിന്തപോലും ഉണ്ടാകുകയില്ല. അവരുടെ ഹൃദയത്തിൽ മനുഷ്യരോടുള്ള സഹാനുഭൂതിയുടെ ആവേശത്തള്ളിച്ചയാൽ മാത്രമാണ് നന്മകൾ ചെയ്യുന്നത്. ഇത്തരം പരിശുദ്ധമായ അധ്യാപനം നാം തൗറാത്തിലോ ഇഞ്ചീലിലോ കണ്ടിട്ടില്ല. അവയുടെ ഓരോ പുറവും നാം വായിച്ചതാണ്. എന്നാൽ, ഇത്തരം പരിശുദ്ധവും പരിപക്വവുമായ അധ്യാപനത്തിന്റെ പേരും ചൂരും പോലും അതിലില്ല. (മൽഫൂദാത്ത് വാല്യം 10, പേജ് 416 –417, 1984 പതപ്പ്)

അദ്ദേഹം വീണ്ടും പറയുന്നു; അല്ലാഹു നമ്മക്ക് പകരം നന്മ ചെയ്യാൻ കല്പിക്കുന്നു. മാത്രമല്ല സാധ്യമെങ്കിൽ നീതിക്ക് അതീതമായി ഔദാര്യത്തിന്റെ സന്ദർഭമാണെങ്കിൽ അവിടെ ഔദാര്യം ചെയ്യുക. ഔദാര്യത്തിന് അതീതമായി ബന്ധുക്കളോടെന്ന പോലെ നൈസർഗികമായ ആവേശത്തോടെ നന്മ ചെയ്യാനുള്ള അവസരമാണെങ്കിൽ അവിടെ നൈസർഗികമായ സഹാനുഭൂതിയോടെ നന്മ ചെയ്യുക. ഇവിടെ അല്ലാഹു നിങ്ങൾ നീതിയുടെ സീമകൾക്കതീതമായി മുന്നേറണമെന്ന് പറയുന്നു. സീമകളെ ഏതായാലും ശ്രദ്ധിക്കേണ്ടതാണ്. അല്ലെങ്കിൽ; ഔദാര്യം ചെയ്യേണ്ട സന്ദർഭത്തിൽ ഔദാര്യം ചെയ്യാതിരിക്കുന്നതും ശരിയല്ല. ചുരുക്കത്തിൽ ബൗദ്ധികമായ ആവശ്യം എന്താണെന്നും ഏത് കാര്യത്തിലാണ് പ്രയോജനമുള്ളതെന്നും നോക്കേണ്ടത് അനിവാര്യമാണ്. അതല്ലാതെ ഈത്താഇദിൽ ഖുർബായുടെ സ്വഭാവത്തിൽ കുറച്ച് കുറയ്ക്കണമോ അതോ പരിധി ലംഘിച്ച് കാരുണ്യം ചൊരിയണമോ എന്ന് ചിന്തിക്കേണ്ടതാണ്. ഈ ആയത്തിൽ നന്മയെ സ്വായത്തമാക്കുന്നതിനുള്ള മൂന്ന് വിവക്ഷിതങ്ങളാണ് വിവരിക്കുന്നത്. ഈ നന്മകൾ ചെയ്യാൻ കൽപിച്ചിടത്ത് ബുദ്ധിയും സമഭാവനയും നന്മയും സ്വായത്തമാക്കാനുള്ള ഉപദേശവും നൽകപ്പെടുന്നു. നിങ്ങളുടെ ഈ എല്ലാ നന്മകളും പ്രയോജനപ്പെടുന്നതായിരിക്കണമെന്നും സമൂഹത്തിൽ കുഴപ്പങ്ങൾ ഉണ്ടാക്കാനാകരുതെന്നും കല്പിച്ചിരിക്കുന്നു.

മാതാവ് കുട്ടിയെ വളരെയേറെ സ്നേഹിക്കുന്നുവെങ്കിലും അവന്റെ ആവശ്യപ്രകാരം ഒരിക്കലും തീക്കനൽ അവന്റെ കൈയിൽ കൊടുക്കുകയില്ല. ചുരുക്കത്തിൽ നന്മയും ഗുണകാംക്ഷയും തന്നെയായിരിക്കണം യഥാർഥ ലക്ഷ്യം. അതിനുവേണ്ടി ഈ മൂന്ന് നന്മകളും ചെയ്യേണ്ടതാണ്.


ആ മഹാത്മാവ് പറയുന്നു: "ഒന്നാമത്തെ നില നന്മക്കു പകരം നന്മ ചെയ്യുക എന്നതാണ്. ഈ നില ഏറ്റവും താഴെ തട്ടിലുള്ള സാധാരണ വ്യക്തിയുടെയും സ്വാഭാവത്തിൽപെടുന്നു. അയാൾ തന്നോടു നന്മ ചെയ്യുന്നവരോടു നന്മ ചെയ്യുന്നു. ഏതൊരു സൽപ്രകൃതിയുള്ള മനുഷ്യനും ഈ നന്മ ചെയ്യുന്നതായിരിക്കും. ഇതൊരു അടിസ്ഥാനപരമായ സംഗതിയാകുന്നു. ഇത് ഉന്നതമായ നന്മയൊന്നുമല്ല. ഇത് മാന്യതയാണ്. രണ്ടാമത്തെ നില ഇതിനെക്കാളും പ്രയാസകരമാകുന്നു. അതെന്തെന്നാൽ നന്മ നിങ്ങളാണ് തുടങ്ങേണ്ടത്. ഒരു അവകാശവുമില്ലാതിരുന്നിട്ടും അപരനോട് ഔദാര്യപൂർവം പ്രയോജനം നൽകുക. ഈ ധാർമിക സ്വഭാവം മധ്യനിലയിലുള്ളതാണ്. അതായത് നന്മ ചെയ്യുക, ഒരു അവകാശവുമില്ലാതിരുന്നിട്ടും മറ്റുള്ളവരോടു ഔദാര്യം ചെയ്യുക, അവർക്ക് പ്രയോജനം നൽകുക. ഈ സ്വാഭാവം മധ്യ നിലയിലുള്ളതാണ്. നിരവധിയാളുകൾ പാവപ്പെട്ടവർക്ക് ഒരുപാട് ഔദാര്യം ചെയ്യുന്നവരായിട്ടുണ്ട്. ഔദാര്യത്തിൽ ഒരു ഗുപ്തമായ ന്യൂനതയുമുണ്ട്. ഔദാര്യം ചെയ്യുന്നവർ താൻ ഇന്ന രീതിയിൽ ഔദാര്യം ചെയ്തുവെന്ന് കരുതുകയും ചുരുങ്ങിയത് തന്റെ ഔദാര്യത്തിന് പകരമായി നന്ദിയോ പ്രാർഥനയോ പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഔദാര്യം ലഭിച്ച ആരെങ്കിലും അയാളോട് എതിർപ്പു കാണിച്ചാൽ അത്തരം ആളെ നന്ദികെട്ടവൻ എന്ന് വിളിക്കുന്നു. ആർക്കാണോ ഔദാര്യം ചെയ്തത് അയാൾ എന്തെങ്കിലും കാരണവശാൽ എതിർപ്പ് കാണിക്കുകയാണെങ്കിൽ അയാളെ പിന്നെ നന്ദി കെട്ടവനാണെന്നാണ് വിളിക്കുക. ചിലപ്പോൾ തന്റെ ഔദാര്യം കാരണമായി അയാൾക്കുമേൽ കഴിവിന്നതീതമായ ഭാരമിടുന്നു. അതായത് ഞാൻ നിന്നോട് ഔദാര്യം ചെയ്തിരിക്കുന്നു. ഇത്രയും കാലം ഞാൻ നിനക്ക് ഉപകാരപ്പെട്ടു. എന്നിൽനിന്ന് നീ പ്രയോജനമെടുക്കുന്നു. അങ്ങനെ അയാളുടെ കഴിവിന്നതീതമായി അയാൾക്കുമേൽ ഭാരമിടുന്നു. ഔദാര്യം ചെയ്യുന്നവൻ തന്റെ ഔദാര്യം അയാളെ ഓർമപ്പെടുത്തുന്നു. അല്ലാഹു ഔദാര്യം ചെയ്യുന്നവർക്ക് മുന്നറിയിപ്പ് നൽ

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ നിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.' (സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

കികൊണ്ട് പറയുന്നു: *ലാ തുബ്തിലൂ സ്വദഖാത്തിക്കും ബിൽമന്നി വൽഅദാ*(2:265)അതായത് ഔദാര്യം ചെയ്യുന്നവരേ, നിങ്ങളുടെ സ്വദഖകൾ സിദ്ഖ് അഥവാ സത്യസന്ധതയിലധിഷ്ഠിതമായിരിക്കണം. ഔദാര്യം പ്രകടിപ്പിച്ചുകൊണ്ടും ദുഃഖിപ്പിച്ചുകൊണ്ടും അതിനെ നിങ്ങൾ പാഴാക്കരുത്. അല്ലാഹു അത്തരം ആളുകൾക്ക് മുന്നറിയിപ്പ്(warning) നൽകിക്കൊണ്ട് പറയുന്നു: അങ്ങനെയുള്ള ഔദാര്യം നിങ്ങൾക്ക് ഒരു പ്രയോജനവും നൽകുന്നതല്ല. നിങ്ങൾ ചെയ്യുന്ന സ്വദഖകളുടെ അടിത്തറ സിദ്ഖ് അഥവാ സത്യസന്ധതയോടെ ആയിരിക്കണം. ഔദാര്യം പ്രകടിപ്പിക്കാനാണെങ്കിൽ നിങ്ങളുടെ എല്ലാ നന്മകളും പാഴായി പോകുന്നതാണ്. അതായത് സദഖ എന്ന പദം സിദ്ഖ് എന്ന പദത്തിൽ നിന്ന് നിഷ്പന്നമാണ്. നിങ്ങളുടെ ഹൃദയകൃതത്രാത്തിൽ സത്യസന്ധതയും ആത്മാർഥതയുമില്ലെങ്കിൽ നിങ്ങളുടെ സ്വദഖകൾ സദഖകളാകുന്നതല്ല. അതു കേവലം പ്രദർശനപരതയുള്ള ഒരു കർമ്മമായിരിക്കും. ചുരുക്കത്തിൽ ഔദാര്യം ചെയ്യുന്നവരുടെ ഒരു ന്യൂനതയെന്തന്നാൽ അവർ ചിലപ്പോൾ കോപാകുലരാകുന്ന ഘട്ടത്തിൽ തങ്ങളുടെ ഔദാര്യം ഓർമിപ്പിക്കുന്നു. അതുകൊണ്ടാണ് അല്ലാഹു ഔദാര്യം ചെയ്യുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നത്.

പരോപകാരതയുടെ മൂന്നാമത്തെ നില, ഉപകാരം ചെയ്യുകയാണെന്നുള്ള വിചാരവും കൃതജ്ഞതാപ്രതീക്ഷയും കൂടാതെ അനുകമ്പാവേശത്തോടുകൂടി, ഏറ്റവുമടുത്ത ബന്ധുക്കൾക്കെന്നപോലെ അന്യർക്ക് നന്മ ചെയ്യുകയാകുന്നു. അതായത് മാതാവ് സ്വന്തം മക്കൾക്ക് വാൽസല്യാതിരേകത്താൽ ഫലകാംക്ഷ കൂടാതെ നന്മ ചെയ്യുന്നതുപ്രകാരം അന്യർക്കുപകാരം ചെയ്യുക തന്നെ. ഇത് പരോപകാരതയുടെ പരമമായ നിലയാകുന്നു. ഇതിനപ്പുറം കയറിച്ചെല്ലുവാൻ മനുഷ്യനു സാധ്യമല്ല. ഇതിനാണ് 'ഈത്താഇദിൽ ഖുർബാ'(ബന്ധുക്കൾക്കെന്നപോലെ സൗജന്യസഹായം ചെയ്യുക) എന്നു പേർ ചെയ്തിരിക്കുന്നത്. എന്നാൽ, പരോപകാര ധർമത്തിന്റെ താഴ്ന്ന പടിതൊട്ട് പരമമായ ഉയർന്ന പടിവരെയുള്ള സകലശാഖകളും സന്ദർഭൗചിത്യവുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുകയാണ്. ഇങ്ങനെ നന്മകളെല്ലാം അതതുകളുടെ സ്ഥാനൗചിത്യം നോക്കി ചെയ്യാത്ത പക്ഷം തിന്മകളായിത്തീരുന്നതാണെന്ന് പ്രസ്തുത ഖുർആൻ വാക്യം നല്ലപോലെ വ്യക്തമാക്കിത്തരുന്നുണ്ട്. അതായത് പ്രയോഗപാത്രത്തിന്റെ അനൗചിത്യം നിമിത്തം'അദ്ല്' അഥവാ 'പ്രത്യുപകാരം' എന്ന ധർമം 'ഫഹ്ശാഅ്' അഥവാ 'അസഭ്യത' ആയി പരിണമിക്കുന്നതാണ്. അതേപ്രകാരം 'ഇഹ്സാൻ' അഥവാ 'സഹായോപകാരം' അനുചിതമായി ചെയ്യപ്പെടുന്നതായാൽ 'മുൻകർ' അഥവാ ഹീനകൃത്യമായിത്തീരും. അതായത് മനഃസാക്ഷി വെറുക്കുന്നതും ബുദ്ധി നിരാകരിക്കുന്നതുമായ നിന്ദ്യകൃത്യമായിത്തീരുന്നതായിരിക്കും.'ഈത്താഇദിൽ ഖുർബാ" അഥവാ ബന്ധു സ്നേഹം കൊണ്ടെന്നപോലെ ചെയ്യപ്പെടുന്ന സൗജന്യോപകാരം അസ്ഥാനത്തിലാകുമ്പോൾ അത് 'ബഗ്‌യ്' അഥവാ 'അതിക്രമം' ആയിത്തീരുന്നതാണ്. 'ബഗ്‌യ്' എന്ന വാക്കിന്റെ ധാത്വർഥം വിളവുകളുടെ നാശത്തിന് കാരണമാക്കുന്ന 'അതിവൃഷ്ടി' എന്നാകുന്നു. അതിനാൽ കർത്തവ്യനിർവഹണത്തിൽ അമിതത്വമോ ന്യൂനത്വമോ ആ നില സ്വീകരിക്കുന്നത് 'ബഗ്‌യ്'(അതിക്രമം)ആയിത്തീരുന്നതാണ്. ചുരുക്കിപ്പറയുന്നതായാൽ, പ്രസ്തുത മൂന്നു നിലകളിലുള്ള നന്മകളും, അസ്ഥാനങ്ങളിലും അപാത്രങ്ങളിലും ചെയ്യപ്പെടുമ്പോൾ ദോഷങ്ങളായി പരിണമിക്കും. അതുകൊണ്ടാണ് ഈ ഗുണകർമങ്ങളോടു സന്ദർഭൗചിത്യത്തെ അവശ്യ നിബന്ധനയായി നിശ്ചയിച്ചിരിക്കുന്നത്. ഈ ഔചിത്യദീക്ഷകൂടാതെയുള്ള കേവലമായ പ്രത്യുപകാരമോ സഹായോപകാരമോ ബന്ധുതാപരമായ സൗജന്യോപകാരമോ ധാർമികഗുണമായി പരിഗണിക്കപ്പെടുവുന്നതല്ല. എന്തെന്നാൽ ഈ ഗുണങ്ങളെല്ലാം വിവേകബുദ്ധി പക്വമാകുന്നതിനുമുമ്പേ ശിശുക്കളിൽപോലും സ്വാഭാവികബോധങ്ങളുടെ രൂപത്തിൽ സ്ഥിതി ചെയ്യുന്നവയാണ്. അവ ധാർമികഗുണങ്ങളായിത്തീരുന്നതിന് വിവേകബുദ്ധിയുടെ വ്യാപാരത്തോടുകൂടി അവ വെളിപ്പെടേണ്ടിയിരിക്കുന്നു. അപ്പോൾ പ്രകൃതിശക്തികളോരോന്നും വിവേചന ബുദ്ധിയുടെ പ്രകാശത്തിൽ സ്ഥാനാസ്ഥാനവിചാരത്തോടെ വ്യാപരിക്കപ്പെടുമ്പോഴാണ് സൽഗുണമായി പരിണമിക്കുന്നത്. ഇനിയും വിശുദ്ധ ഖുർആൻ ഇഹ്സാൻ എന്ന സഹായോപകാരത്തെ സംബന്ധിച്ച് അത്യാവശ്യകങ്ങളായ വേറെയും ഉപദേശങ്ങൾ നല്കുന്നുണ്ട്. ഈ നിർദേശങ്ങളിലെല്ലാം നിർദ്ധാരണദ്യോതകമായ 'അലിഫ് ലാം മീം' ഉപയോഗിച്ചുകൊണ്ട് ഔചിത്യവിവേചനത്തെ നിഷ്കർഷിക്കുന്നുമുണ്ട്."( ഇസ്ലാമി ഉസ്വൂൽ കി ഫിലോസഫി, റൂഹാനീ ഖസാഇൻ വാല്യം 10, പേജ് 353–355)

ചുരുക്കത്തിൽ വിവിധതരത്തിൽ വ്യത്യസ്ത ഉദാഹരണങ്ങളിലൂടെ ഈ നന്മകൾ ചെയ്യുന്നതിലേക്ക് ആ മഹാത്മാവ് നമ്മുടെ ശ്രദ്ധക്ഷണിക്കുന്നു. ഇത് സംബന്ധിച്ച് തന്റെ ഒരു അനുഭവവും വിവരിക്കുന്നുണ്ട്. നന്മയും ഔദാര്യവും ചെയ്യുന്നതിനെ കുറിച്ച് ആ മഹാത്മാവ് പറയുന്നു: 'ഇഹ്സാൻ ഒരു ഉന്നതമായ കാര്യമാകുന്നു അതുമുഖേന മനുഷ്യൻ തന്റെ വലിയ വലിയ എതിരാളികളുടെപോലും ശിരസ്സ് കുനിപ്പിക്കുന്നു. സിയാൽക്കോട്ടിൽ ഒരാളുണ്ടായിരുന്നു. അയാൾ എല്ലാവരോടും കലഹിച്ചിരുന്നു. ഒരാളോടുപോലും രഞ്ജിപ്പിൽ അല്ലായിരുന്നു. എത്രത്തോളമെന്നാൽ അയാളുടെ സഹോദരങ്ങളും ബന്ധുമിത്രാദികളും അയാളുടെ കാര്യത്തിൽ അസ്വസ്ഥനായിരുന്നു. അയാൾക്ക് ഒരിക്കൽ ഞാൻ വളരെ നിസാരമായൊരു ഉപകാരം ചെയ്തു. അതിന് പകരമായി അയാൾ ഒരിക്കലും നമ്മളോട് മോശമായി പെരുമാറിയിട്ടില്ല. മറിച്ച് എപ്പോൾ കാണുമ്പോഴും ആദരവോടുകൂടി സംസാരിച്ചിരുന്നു. അതുപോലെ ഒരിക്കൽ ഒരു അറബി നമ്മുടെ അടുത്തുവന്നു. അയാൾ വഹാബികളുടെ കഠിന വിരോധിയായിരുന്നു. അയാളുടെ മുന്നിൽ വഹാബികളെ കുറിച്ചു പറഞ്ഞാൽത്തന്നെ അയാൾ അസഭ്യം പറയുമായിരുന്നു. അയാൾ ഇവിടെ വന്ന ശേഷവും മോശമായി അസഭ്യം പറയാൻ തുടങ്ങി. വഹാബികളെ ചീത്ത വിളിക്കാൻ തുടങ്ങി. നാമതൊന്നും പരിഗണിക്കാതെ അയാളെ നല്ലപോലെ സേവിച്ചു. നല്ലപോലെ അയാളെ സൽക്കരിച്ചു. ഒരു ദിവസം അയാൾ വളരെ കോപാകുലനായി വഹാബികളെ തെറിപറയുകയായിരുന്നു. അയാളോട് ആരോ പറഞ്ഞു, നിങ്ങൾ അതിഥിയായി താമസിക്കുന്ന വീട് വഹാബികളുടേതാണ്. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സൂചിപ്പിച്ചു കൊണ്ടാണ് പറഞ്ഞത്. അപ്പോൾ അയാൾ നിശബ്ദനായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അയാളോടു ഞാൻ വഹാബിയാണെന്ന് പറഞ്ഞത് ആ പറഞ്ഞ ആളുടെ തെറ്റാകുന്നു. കാരണം ഞാൻ വിശുദ്ധ ഖുർആനുശേഷം ശരിയായ ഹദീഥുകളനുസരിച്ച് ജീവിക്കേണ്ടത് അനിവാര്യമാണെന്നു മനസ്സിലാക്കുന്നവനാണ്. ഏതായാലും അയാൾ കുറച്ചു ദിവസത്തിനുശേഷം പോവുകയുണ്ടായി. അതിനു ശേഷം ഒരിക്കൽ അയാൾ ലാഹോറിൽ എന്നെ കാണാൻ ഇടവന്നു. വാസ്തവത്തിൽ അയാൾ വഹാബികളെ കാണുന്നതുതന്നെ ഇഷ്ടപ്പെട്ടിരുന്നില്ല. പക്ഷേ, അയാളെ നല്ലപോലെ സൽക്കരിച്ചിരുന്നതു കൊണ്ട് അയാളുടെ എല്ലാ കോപവും അസ്തമിച്ചിട്ടുണ്ടായിരുന്നു. അയാൾ വളരെ സ്നേഹാദരവോടു കൂടി ഞാനുമായി കൂടിക്കാഴ്ച നടത്തി. മാത്രമല്ല വളരെ നിർബന്ധപൂർവ്വം എന്നെ കൂടെ കൊണ്ടുപോയി. അവിടെ ഒരു ചെറിയ മസ്ജിദിൽ അയാൾ ഇമാമായി നിശ്ചയിക്കപ്പെട്ടിരുന്നു. അവിടെ എന്നെക്കൊണ്ടു പോയി ഇരുത്തുകയും ഒരു സേവകനെപോലെ എനിക്ക് വീശിത്തരുകയും ചെയ്തുകൊണ്ടിരുന്നു. വളരെ സന്തോഷപൂർവ്വം ചായയും മറ്റും കഴിച്ചുപോകാമെന്ന് പറഞ്ഞു. ചുരുക്കത്തിൽ ഔദാര്യം എത്രമാത്രം മനസ്സുകളിൽ ആധിപത്യം സ്ഥാപിക്കുന്നുവെന്ന് നോക്കുക. (മൽഫൂദാത്ത്, വാല്യം 9, പേജ് 302, 1984 പതിപ്പ്)

വീണ്ടും പറയുന്നു: 'സ്വഭാവം രണ്ടു വിധത്തിലുണ്ട്. ഇന്ന് പുതു വിദ്യഭ്യാസം നേടിയവർ കാണിക്കുന്നതാണ് ഒന്ന്. കൂടിക്കാഴ്ചയിലും മറ്റും അധരവ്യായാമംകൊണ്ട് മുഖസ്തുതിയോടെ പെരുമാറുന്നു. സുഖിപ്പിക്കുന്നതിനു വേണ്ടി 'യെസ് സാർ, യെസ് സാർ' എന്ന് പറയുന്നു. മനസുകളിൽ കാപട്യവും വെറുപ്പും നിറഞ്ഞിരിക്കും. ഈ സ്വഭാവം വിശുദ്ധ ഖുർആനെതിരാകുന്നു. രണ്ടാമത്തെ തരത്തിലുള്ള സ്വാഭാവം സത്യസന്ധമായ സഹാനുഭൂതിയോടുകൂടിയുള്ളതാണ്. ഹൃദയത്തിൽ കാപട്യമോ മുഖസ്തുതിയോ ഉണ്ടായിരിക്കുന്നതല്ല. അല്ലാഹു പറയുന്നു: *ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽ ഇഹ്സാനി വ ഈത്താഇദിൽ ഖുർബാ*(16:91) ഇതാണ് സമ്പൂർണമായ മാർഗം. എല്ലാ വിധത്തിലുള്ള തികവാർന്ന മാർഗങ്ങളും സന്മാർഗവും വിശുദ്ധ ഖുർആനിലുണ്ട്. അതിൽ നിന്ന് മുഖം തിരിക്കുന്നവന് മറ്റൊരിടത്തും സന്മാർഗം പ്രാപിക്കാൻ കഴിയില്ല. നല്ല അധ്യാപനങ്ങൾ പ്രഭാവം ഉണ്ടാക്കണമെങ്കിൽ ഹൃദയത്തിൽ പരിശുദ്ധിവേണം. ഇതിൽനിന്ന് അകന്നിരിക്കുന്നവരെ സൂക്ഷ്മമായി നിരീക്ഷിക്കുകയാണെങ്കിൽ അവർക്കുള്ളിൽ മാലിന്യങ്ങൾ കാണാൻ കഴിയും. ജീവിതത്തെക്കുറിച്ച് ഒരു ഉറപ്പുമില്ല. നമസ്കാരത്തിലും സത്യത്തിലും പരിശുദ്ധിയിലും പുരോഗതി പ്രാപിക്കുക എന്നും ഇബാദത്തുകളിലും സത്യസന്ധതയിലും പരിശുദ്ധിയിലും അഭിവൃദ്ധിപ്പെടണമെന്നും അദ്ദേഹം നമ്മെ ഉപദേശിക്കുന്നു.

തുടർന്ന് പറയുന്നു: ഞാൻ നിങ്ങളെ നിരന്തരം ഉപദേശിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളൊരിക്കലും നിങ്ങളുടെ സഹാനുഭൂതിയുടെ വൃത്തത്തെ പരിമിതമാക്കരുത്. സഹാനുഭൂതിക്ക് അല്ലാഹു നൽകിയ അധ്യാപനങ്ങൾ പിൻപറ്റുവിൻ. അതായത് *ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽ ഇഹ്സാനി വ ഈത്താഇദിൽ ഖുർബാ*(16:91) ഒന്ന് നിങ്ങൾ നന്മ ചെയ്യുമ്പോൾ നീതിയെ അവലംബിക്കുക.നിങ്ങളോട് നന്മ ചെയ്യുന്നവരോടു നിങ്ങളും നന്മചെയ്യുക. പിന്നെ രണ്ടാമത്തെ നില നിങ്ങൾ അവരോടു അതിനെക്കാൾ കവിഞ്ഞ രീതിയിൽ വർത്തിക്കുക എന്നതാണ്. ഇതാണ് ഇഹ്സാൻ അഥവാ ഔദാര്യം. 'ഇഹ്സാൻ' എന്ന നില 'അദ്‌ൽ' എന്ന നിലയെക്കാളും ഉയർന്നതാണ്. ഇത് വലിയ നന്മയാകുന്നു. എന്നാൽ, ചിലപ്പോഴെങ്കിലും ഔദാര്യം ചെയ്യുന്നവർ തങ്ങളുടെ ഔദാര്യം പ്രകടിപ്പിക്കുന്നു. പക്ഷേ, ഇതിനേക്കാൾ എല്ലാ

ത്തിനേക്കാളും ഉപരിയായ നില മനുഷ്യൻ വ്യക്തിപരമായ സ്നേഹത്തോടുകൂടി ചെയ്യുന്ന നന്മയാണ്. അതിൽ ഔദാര്യപ്രകടനത്തിന്റെ ഒരു അംശവും ഉണ്ടായിരിക്കുന്നതല്ല. മാതാവ് മക്കളെ പോറ്റുന്നതുപോലെയാണത്. പ്രസ്തുത സേവനതേതിന് അവർ ഒരു പ്രതിഫലവും കാംക്ഷിക്കുന്നില്ല. മറിച്ച് സ്വാഭാവികമായ വികാരാവേശത്താൽ മക്കൾക്കുവേണ്ടി തന്റെ എല്ലാ സുഖങ്ങളും വിശ്രമങ്ങളും ത്യജിക്കുന്നു." പറയുന്നു: 'അവളോട് രാജാവ് കുഞ്ഞിന് പാൽ കൊടുക്കരുതെന്ന് പറഞ്ഞാൽ അവൾ രാജാവിനെ ശകാരിക്കുന്നതായിരിക്കും. ചുരുക്കത്തിൽ നന്മകൾ സ്വാഭാവികമായ തലത്തിൽ ചെയ്യുന്ന അവസ്ഥയിലെത്തിക്കേണ്ടതാണ്. കാരണം ഒരു കാര്യം പുരോഗതി പ്രാപിച്ച് സ്വാഭാവികതയോടെ തലംവരെ എത്തുമ്പോൾ അത് പരിപക്വമായിത്തീരുന്നു.(മൽഫൂദാത്ത് വാല്യം 7, പേജ് 382-383, 1984 പതിപ്പ്)

ആ മഹാത്മാവ് പറയുന്നു: "അല്ലാഹു ലോകത്തോടു മുഴുവനും നീതിയിൽ വർത്തിക്കാൻ കൽപിക്കുന്നു. എത്രയാണോ അവകാശപ്പെട്ടത് അത്രമാത്രം എടുക്കുക. നീതിപൂർവ്വം മനുഷ്യകുലത്തോടു പെരുമാറുക. അതിനെക്കാളുപരിയായി കൽപന നൽകികൊണ്ട് പറയുന്നു, നിങ്ങൾ മനുഷ്യകുലത്തോടു ഔദാര്യപൂർവ്വം വർത്തിക്കുവിൻ. അതായത് ഇവിടെ മനുഷ്യകുലത്തോടു നന്മയിൽ വർത്തിക്കേണ്ടത് നിങ്ങളുടെ കടമയല്ലെങ്കിലും പൂർണമായ സ്നേഹത്തോടെ അത് ചെയ്യുക. പക്ഷേ, ഔദാര്യത്തിലും ഒരു ഗോപ്യമായ ന്യൂനതയുണ്ട്. ഔദാര്യം ചെയ്യുന്നവൻ കോപാകുലനായി ചിലപ്പോൾ തന്റെ ഔദാര്യം എടുത്തു പറയുന്നു. അതുകൊണ്ട് പ്രസ്തുത ആയത്തിന്റെ അവസാനത്തിൽ പറയുന്നു, പരിപക്വമായ നന്മ നിങ്ങൾ മനുഷ്യകുലത്തോടു മാതാവ് മക്കളോടെന്നപോലെ നന്മ ചെയ്യുക എന്നതാണ്. കാരണം പ്രസ്തുത നന്മ സ്വാഭാവികമായ വികാരാവേശംകൊണ്ട് ഉണ്ടാകുന്നതാണ്. അതല്ലാതെ പകരമെന്തെങ്കിലും കിട്ടണമെന്ന ഉദ്ദേശ്യം മനസ്സിൽ ഉണ്ടായിരിക്കില്ല. അതായത് ഈ നന്മക്ക് പകരമായി കുട്ടി തനിക്കെന്ത് നന്മ നൽകുമെന്ന് ആലോചിക്കാറില്ല. ചുരുക്കത്തിൽ മനുഷ്യകുലത്തോടു ചെയ്യുന്ന നന്മ ഈ നിലയിലുള്ളതായിരിക്കണം. ഈ മൂന്നാമത്തെ നില ഈത്താഇദിൽഖുർബാ എന്ന വാക്കുകളിലൂടെയാണ് പറഞ്ഞു തന്നിരിക്കുന്നത്. (ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ വാല്യം 23, പേജ് 388)

നന്മ കേവലം സ്വന്തം ആളുകളോടായിരിക്കരുത്. മറിച്ച് എല്ലാവരോടും നന്മയിൽ വർത്തിക്കുക. ഒരു ലാഭേച്ഛയും കൂടാതെ നന്മ ചെയ്യണമെന്നാണ് കല്പന. ഈ സ്ഥാനത്തെത്തുമ്പോൾ അല്ലാഹുവിനെയും ലഭിക്കുന്നു. അല്ലാഹുവുമായുള്ള ബന്ധത്തെ കുറിച്ച് പറഞ്ഞപ്പോഴും ഇത് വിവരിച്ചതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥങ്ങളിലും സദസ്സുകളിലും ഇതു സംബന്ധിച്ച് നിരവധി മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. ഇസ്ലാമിന്റെ മേന്മകളിലെ ഒരു വലിയ മേന്മ മറ്റു മതങ്ങളിലൊന്നിലും കാണപ്പെടാത്ത അധ്യാപനം അതിലുണ്ടെന്ന് വിവരിച്ചിരിക്കുന്നു. ആയതിനാൽ അല്ലാഹുവുമായുള്ള ബന്ധത്തിന്റെ നിലവാരം കരസ്ഥമാകുന്നതിനു വേണ്ടിയും ദാസന്മാരോടുള്ള കടമകൾ നിറവേറ്റുന്നതിനു വേണ്ടിയും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കേണ്ടത് നമ്മുടെ കടമയാകുന്നു. അല്ലാഹു അതനുസരിച്ച് നമ്മുടെ ജീവിതങ്ങളെ നയിക്കാൻ നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. നമ്മൾ നമ്മുടെ ഇബാദത്തുകളുടെ നിലവാരവും ഉയർത്തുന്നവരായി മാറട്ടെ. സൃഷ്ടികളോടുള്ള കടമകളും നിറവേറ്റുന്നവരായി മാറട്ടെ. ലോകത്തിന് ഒരു മാതൃക ആകുന്ന തരത്തിൽ നമ്മുടെ സ്നേഹവും ബന്ധങ്ങളും നിലനിറുത്താൻ പ്രത്യേകമായും തൗഫീഖ് ലഭിക്കുമാറാകട്ടെ.

അല്ലാഹു നമുക്ക് ഈ കാര്യങ്ങൾ പ്രാവർത്തികമാക്കിക്കൊണ്ട് ബയ്അത്തിന്റെ കടമകൾ നിറവേറ്റാൻ തൗഫീഖ് നൽകുമാറാകട്ടെ. ആ മഹാത്മാവിനോടുള്ള ബയ്അത്തിന്റെ കടമകളിലും മനുഷ്യകുലത്തോടു സഹാനുഭൂതിയിൽ കഴിയുംമെന്ന നിബന്ധനയുണ്ട്. എല്ലാ ദുആയിലും അല്ലാഹുവിന്റെ ഈ വചനങ്ങൾ കേട്ട ശേഷം നന്മയിൽ പുരോഗതി പ്രാപിക്കാനും തങ്ങളുടെ നന്മകളിലേക്ക് ശ്രദ്ധിക്കാനും കഴിയുമാറാകട്ടെ. അതല്ലെങ്കിൽ നമുക്കും മറ്റുള്ളവർക്കുമിടയിൽ വ്യതിരിക്തത ഉണ്ടാകുന്നതല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ വേദനയോടെ പ്രകടിപ്പിച്ച, നമുക്കും അന്യർക്കുമിടയിലുള്ള പ്രകടമായ വ്യത്യാസം കാണിച്ചു തരുമാറാകട്ടെ.

പാകിസ്താന്റെ നല്ല അവസ്ഥക്കുവേണ്ടിയും ദുആ ചെയ്തുകൊണ്ടിരിക്കുക. നന്മകൾ പ്രചരിപ്പിക്കുന്നതിനുവേണ്ടി നമുക്ക് നമ്മുടെ കർത്തവ്യങ്ങൾ ചെയ്തു കൊണ്ടിരിക്കണം. സാത്താനിക സ്വഭാവമുള്ള ആളുകൾ ദ്രോഹപരമായ തങ്ങളുടെ ചെയ്തികൾ പ്രകടിപ്പിച്ചുകൊണ്ടിരിക്കും. നമുക്ക് ഈ ശയ്ത്വാന്മാരുമായി ഈ സാത്താനിക അവസ്ഥയിൽ പൊരുതേണ്ട ഒരു കാര്യവുമില്ല. നമ്മെ സംബന്ധിച്ചിടത്തോളം ദൈവിക കല്പനകളനുസരിച്ച് നീങ്ങിയാൽ മാത്രം, മതി. എപ്പോഴും ചെയ്യേണ്ട മറ്റൊരു ദുആ എന്തെന്നാൽ, അല്ലാഹു നമ്മുടെ വിശ്വാസങ്ങളെ സംരക്ഷിക്കുമാറാകട്ടെ. ഒരിക്കലും നമ്മുടെ വിശ്വാസം ചഞ്ചലമാകാതിരിക്കട്ടെ. അല്ലാഹുവുമായി നമുക്ക് ഈത്താഇദിൽ ഖുർബാ എന്ന ബന്ധം ഉണ്ടാകുമാറാകട്ടെ. പിന്നെ നാം നേരത്തേതിലും അധികം ദൈവിക അനുഗ്രഹങ്ങളുടെ ദൃശ്യങ്ങൾ കാണുന്നതാണ്. ഇൻശാഅല്ലാഹ്. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഇസ്‌ലാഹിന് സാധ്യതയില്ലാത്ത ആളുകളെ അവൻ സ്വയം നശിപ്പിക്കുന്നതാണ്. ചുരുക്കത്തിൽ ഇത്തരം ഒരു അവസ്ഥയിൽ നമുക്ക് അല്ലാഹുവുമായി ബന്ധം ഉണ്ടാകുകയാണെങ്കിൽ ശത്രുക്കൾ നശിക്കുന്ന ദൃശ്യവും നമുക്ക് കാണാൻ കഴിയുന്നതാണ്.

(പേജ് 1ൽനിന്ന്)

നിന്ന് അകന്നിരിക്കാൻ താക്കീതു ചെയ്യുന്നത് ഇവൻ രക്ഷപ്പെടാൻ സാധ്യതയുള്ളതുകൊണ്ടാണ്. എന്നാൽ, അവനെ കണ്ടുകൊണ്ട് മറ്റുള്ളവരും ആ സ്ഥാനത്ത് പോകാൻ സാധ്യതയുണ്ട്. അങ്ങനെ തന്റെ ദൗർബല്യം കാരണത്താൽ പാപത്തിൽ അകപ്പെടുകയും ചെയ്യാം. അതുകൊണ്ട് അത്തരം വ്യക്തി മറ്റുള്ളവർ വഞ്ചിതരാകാൻ നിമിത്തമാകാതിരിക്കേണ്ടതാണ്.

രണ്ടാമത്തെ തരത്തിലുള്ള ആളുകൾ എന്നു പറയുന്നത് പാപത്തിന്റെ അവസരങ്ങളുണ്ടാകുമ്പോൾ അതിൽനിന്ന് രക്ഷപെടാൻ കഴിയാത്തവരാണ്. അവരോടു അതിനടുത്തുപോലും പോകരുതെന്ന് പറഞ്ഞതിന്റെ യുക്തി പ്രകടമാണ്. എന്തായാലും മനുഷ്യൻ പാപത്തിന്റെ അടുത്തു ചെന്നിട്ട് രക്ഷപ്പെട്ടാലും ഇല്ലെങ്കിലും രണ്ടു രീതിയിലും അവൻ പാപത്തിന്റെ അടുത്തുപോലും പോകാതിരിക്കേണ്ടതാണ്.

ഇതും ഓർമവെക്കേണ്ട കാര്യമാണ്, ഏതെങ്കിലും സ്ഥലത്ത് പോകുന്നതിന് പ്രത്യേകമായ എന്തെങ്കിലും നേട്ടമുണ്ടെങ്കിൽ അവിടെ പോകാത്തത് ഭീരുത്വമാണെന്ന് പറയാം. എന്നാൽ, ഒരു സ്ഥലത്ത് പോകുന്നതുകൊണ്ടോ പോകാത്തതുകൊണ്ടോ പ്രത്യേകിച്ച് നേട്ടമൊന്നുമില്ലെങ്കിൽ അവിടെ പോകാതിരിക്കുന്നത് ഒരിക്കലും ഭീരുത്വമെന്ന് പറയപ്പെടുന്നതല്ല.

സാഅ സബീലൻ ഈ വാക്കുകളിലൂടെ സൂചിപ്പിക്കുന്നത് വ്യഭിചാരത്തിൽ ധാർമികമായ പാപങ്ങൾ ഉണ്ടാകുന്നതിനുപുറമെ മറ്റു പല പോരായ്മകളുമുണ്ട്. വിവാഹം ചെയ്യുന്ന മനുഷ്യൻ ആരോഗ്യമുള്ള സ്ത്രീയെ വിവാഹം കഴിക്കുക എന്ന കാര്യത്തിൽ തീർച്ചയായും ജാഗ്രത പാലിക്കുന്നു. അവൾക്ക് മാറാവ്യാധികളൊന്നുമുണ്ടാകരുത്. ശീലങ്ങളും സ്വഭാവങ്ങളും നല്ലതായിരിക്കണം. ഇപ്രകാരംതന്നെ പെണ്ണിന്റെ വീട്ടുകാർ ചെറുക്കനെ സംബന്ധിച്ചു ചിന്തിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു. എന്നാൽ, വ്യഭിചാരത്തിൽ ഈ സൂക്ഷ്മതയൊന്നും ഉണ്ടാകുകയില്ല. കാരണം വ്യഭിചാരമുണ്ടാകുന്നതുതന്നെ കാമവികാരത്തിന്റെ ആവേശത്താലാണ്. ആ സമയത്ത് മനുഷ്യന് ഒരു തരത്തിലുള്ള സൂക്ഷ്മതയും പാലിക്കാൻ സാധിക്കുകയില്ല. ഇതിന്റെ ഫലമായി പലതരത്തിലുള്ള രോഗങ്ങളും സാമ്പത്തിക നഷ്ടങ്ങളുമുണ്ടാകുന്നു. അതുകൊണ്ടാണ് പറഞ്ഞത്, കാമപരമായ ആവശ്യപൂർത്തീകരണത്തിന് ഈ വഴി അങ്ങേയറ്റം ഭയാനകമാണെന്ന്.

ഇക്കാര്യം നിത്യവും അനുഭവത്തിൽ വന്നുകൊണ്ടിരിക്കുന്നു. ഭാര്യയുമായി ഭർത്താവ് ബന്ധപ്പെടുന്നതുപോലെതന്നെയാണ് വ്യഭിചാരി വ്യഭിചാരിണിയോടു ചെയ്യുന്നതെങ്കിലും ഇങ്ങനെയായിട്ടും വ്യഭിചാരത്തിന്റെ ഫലമായി എത്തരത്തിലുള്ള രോഗങ്ങളാണോ ഉണ്ടാകുന്നത് അത് ഭാര്യയിൽനിന്നുണ്ടാകുകയില്ല. അല്ലെങ്കിൽ വളരെ കുറച്ചെ ഉണ്ടാകുകയുള്ളൂ. ലോകത്ത് എത്ര ആളുകൾക്കാണ് ഭാര്യമാരിൽനിന്ന് ഉഷ്ണരോഗമോ പറങ്കിപ്പുണ്ണ് രോഗമോ ഉണ്ടാകുന്നത്? നൂറിലൊന്നുപോലുമില്ലെന്നതാണ് വസ്തുത.100- ൽ 99 ശതമാനവും എന്നല്ല അതിനെക്കാളും കൂടുതൽ വ്യഭിചാരത്തിലൂടെയാണ് ഈ രോഗമുണ്ടാകുന്നത്. അതുകൊണ്ട് സാഅ സബീലൻ എന്നു പറഞ്ഞുകൊണ്ട് ദൃഢഗാഢമായ സത്യത്തിലേക്ക് മനുഷ്യന്റെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. എന്താണോ സംഭവിക്കുന്നത് അത് എല്ലാവരുടേയും മുമ്പിലുണ്ട്. പക്ഷേ, അതിൽ വളരെ കുറച്ചുപേർക്കുമാത്രമെ ശ്രദ്ധയുള്ളൂ."(തഫ്സീറെ കബീർ വാല്യം 4, പേജ് 328, പ്രസാധനം 2010 ഖാദിയാൻ)

## • കലാമുൽ ഇമാം: •

'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാല്യം 3, പേജ് 38)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## • കലാമുൽ ഇമാം: •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

# ഹദ്റത്ത് സാഹിബ് സാദ അബ്ദുല്ലത്വീഫ് സാഹിബ്(റ)

മുഹമ്മദു ഇസ്മായീൽ

ഇന്ന് ഞാൻ 'റബ്ബുനല്ലഹ്' എന്നു പറഞ്ഞതിന്റെ പേരിൽ ശഹീദാകേണ്ടി വന്ന ഒരു മഹാത്മാവിനെ കുറിച്ചാണ് നിങ്ങളോടു പറയുന്നത്. അദ്ദേഹത്തിന്റെ ഇസ്തിഖാമത്ത് അഥവാ സ്ഥിരചിത്തത അത്ഭുതപ്പെടുത്തുന്നതായിരുന്നു. അദ്ദേഹം ഒരു വലിയുല്ലാ ആയിരുന്നു. ഈ സ്ഥാനമൊക്കെയാണ് നമ്മളും കരസ്ഥമാക്കാൻ ശ്രമിക്കേണ്ടത്. പരീക്ഷണം വരുമ്പോൾ എല്ലാം വലിച്ചെറിഞ്ഞ് പിന്നാക്കം ഓടുന്നവരാകാതിരിക്കാൻ അല്ലാഹു നമ്മെ തുണയ്ക്കുമാറാകട്ടെ.

ദാതാഗഞ്ച്ബക്ഷ് എന്ന പേരിൽ പ്രഖ്യാതനായ ശെയ്ഖ് അബുൽഹസൻ അലി ഹജ്‌വേരി എന്ന സ്വൂഫിവര്യന്റെ, പിന്തുടർച്ചയിൽപ്പെട്ട മതഭക്തനും അഫ്ഘാനിസ്താനിലെ ഖോസ്ത് നിവാസിയുമായിരുന്ന, ഹദ്റത്ത് സാഹിബ് സാദാ സയ്യിദ് അബ്ദുല്ലത്വീഫ് സാഹിബ്, ഇമാം മഹ്ദിയുടെ ശിഷ്യത്വം സ്വീകരിച്ചത് വലിയ സംഭവമായിരുന്നു.

ഒരു മതനേതാവും മഹാപണ്ഡിതനും ഭക്തശിരോമണിയുമായിരുന്ന അദ്ദേഹത്തിന് അഫ്ഘാനിസ്താനിൽ ആയിരക്കണക്കിന് മുരീദന്മാരുണ്ടായിരുന്നു. ഖോസ്തിലും ചുറ്റുവട്ടത്തുള്ള ബ്രിട്ടീഷ് സംരക്ഷിത പ്രദേശങ്ങളിലും അദ്ദേഹത്തിന് ധാരാളം സ്വത്തുക്കളുമുണ്ടായിരുന്നു.

ദിവ്യവെളിപാടുകളാലും ആത്മീയദർശനങ്ങളാലും അനുഗൃഹീതനായ പുണ്യപുരുഷനെന്നോണം അറിയപ്പെട്ട, അദ്ദേഹത്തിന് രാജകൊട്ടാരത്തിലും അത്യുന്നത സ്ഥാനമാണ് ഉണ്ടായിരുന്നതു. അഫ്ഘാൻ രാജകുടുംബത്തിൽ ത്തന്നെ പലരും അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു. അഫ്ഘാൻ രാജാവായ ഹബീബുല്ലാഹ് ഖാന് കിരീടധാരണം നടത്തിയത് ഇദ്ദേഹമാണ്.

1894 ലെ അഫ്ഘാൻ-ബ്രിട്ടീഷ് ഇന്ത്യാ അതിർത്തി നിർണയത്തിന് നിയോഗിക്കപ്പെട്ട സുപ്രസിദ്ധമായ ഡ്യൂറണ്ട് കമ്മീഷനിലെ രണ്ട് അഫ്ഘാൻ പ്രതിനിധികളിൽ ഒരാളായി, അദ്ദേഹമാണ് നിശ്ചയിക്കപ്പെട്ടിരുന്നത്.

ഡ്യൂറണ്ട് കമ്മീഷണിലെ ബ്രിട്ടീഷ് പ്രതിനിധികളുടെ സ്റ്റാഫിൽപ്പെട്ട ഒരാളാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ 'ആയിനയെ കമാലാത്തെ ഇസ്ലാം' എന്ന വിശ്രുത അറബി ഗ്രന്ഥത്തിന്റെ പ്രതി അദ്ദേഹത്തിന് സമ്മാനിച്ചത്.

ആ ഗ്രന്ഥം വായിച്ച ഹദ്റത്ത് അബ്ദുൽല്ലത്വീഫ് സാഹിബിന് ഹദ്റത്ത് അഹ്മദിന്റെ ആത്മീയസ്ഥാനം വ്യക്തമായി. അദ്ദേഹത്തിന്റെ ദൂതന്മാരിൽ പ്രധാനിയായിരുന്ന ഹദ്റത്ത് മൗലവി അബ്ദുർറഹ് മാൻ സാഹിബ് 1900 ൽ ഖാദിയാൻ സന്ദർശിച്ചപ്പോൾ സയ്യിദ് അബ്ദുല്ലത്വീഫ് സാഹിബ് ഒപ്പിട്ട ബയ്അത്ത് ഫോറം വാഗ്ദത്ത് മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന് സമർപിക്കുകയും അങ്ങനെ അദ്ദേഹം ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു.

അഹ്മദിയായ ഹദ്റത്ത് മൗലവി അബ്ദുർറഹ്മാന്റെ പ്രവർത്തനം നിരീക്ഷിച്ചുകൊണ്ടിരുന്ന അഫ്ഘാൻ അമീറായിരുന്ന അബ്ദുർറഹ്മാനും മുല്ലമാരും അദ്ദേഹത്തിൽ രാജദ്രോഹം കുറ്റം ആരോപിച്ചു അറസ്റ്റു ചെയ്യാൻ കൽപിച്ചു. അമീറിന്റെ നിർദേശപ്രകാരം തടവുമുറിയിൽവച്ചുതന്നെ അദ്ദേഹത്തെ കഴുത്തിൽ മുണ്ടിട്ട് മുറുക്കി വധിക്കുകയും ചെയ്തു.

അങ്ങനെ വാഗ്ദത്ത മഹ്ദീ മസീഹിന്റെ ശിഷ്യന്മാരിൽ ആദ്യത്തെ ശഹീദ് അഥവാ രക്തസാക്ഷിയാകാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചു. ഇതിനു ഇരുപത് വർഷം മുമ്പേ, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന് ഒരു ഇൽഹാമുണ്ടായിരുന്നു: *ശാത്താനി തുദ്ബഹാനി വ കു ല്ലുമൻ അലയ്ഹാ ഫാൻ* (രണ്ടു ആടുകൾ അറുക്കപ്പടും;അതിന്മേലുള്ള സകലതും നശ്വരം). ഈ പ്രവചനത്തിലെ ഒരു ഭാഗം ഹദ്റത്ത് മൗലവി അബ്ദുർറഹ്മാൻ സാഹിബിന്റെ വധത്തോടെ പുലർന്നു.

ഈ വധത്തിനുശേഷം കുറച്ച് ആഴ്ചകൾ കഴിഞ്ഞ് അമീർ അബ്ദുർറഹ്മാൻ ഖാന്, പക്ഷാഘാതമുണ്ടായി. 1901 ഒക്ടോബർ 30 ന് മരണപ്പെടുകയും ചെയ്തു. തുടർന്നാണ് അമീർ ഹബീബുല്ലാഹ് ഖാൻ അഫ്ഘാൻ രാജാവായി വാഴിക്കപ്പെട്ടത്.

1902 ഒടുവിൽ ഹദ്റത്ത് സയ്യിദ് അബ്ദുല്ലത്വീഫ് സാഹിബ്, അമീർ ഹബീബുല്ലാഖാന്റെ സമ്മതത്തോടെ ഹജ്ജിനു വേണ്ടി രണ്ടു ശിഷ്യന്മാരോടൊപ്പം ലാഹോറിലേക്ക് പുറപ്പെട്ടു. തനിക്ക് അനുവദിച്ച ആറു മാസത്തിൽ മൂന്നുമാസവും അദ്ദേഹം ഖാദിയാനിലാണ് കഴിച്ചു കൂട്ടിയത്.

ഹദ്റത്ത് അഹ്മദ്(അ)ന്റെ ആത്മീയപ്രഭാവം ആദ്യമെ തന്നെ 'ആയിനയെ കമാലാത്തെ ഇസ്ലാം' എന്ന ഗ്രന്ഥത്തിലൂടെ നല്ലവണ്ണം മനസ്സിലാക്കിയിരുന്ന അദ്ദേഹം നേരിട്ടുള്ള അദ്ദേഹത്തിന്റെ സൽസംഗം അനുഭവിച്ചപ്പോൾ കൂടുതൽ പ്രഭാവിതനായി. മൂന്നുമാസംകൊണ്ട് പിരിയാനൊക്കാത്ത ഒരു തലത്തിലേക്ക് അതെത്തി. അവസാനം ഈ വിവരം അറിഞ്ഞ അഫ്ഘാൻ രാജാവ് ഹബീബുല്ലാഹ് ഖാൻ അദ്ദേഹത്തെ തന്ത്രത്തിൽ തിരിച്ചു വിളിച്ചു.

അങ്ങനെ അദ്ദേഹത്തെ യാത്ര അയക്കുന്നതിന് ഹദ്റത്ത് അഹ്മദ്(അ)വഡാലവരെ(ഏകദേശം 6 കിലോമീറ്റർ) കൂടെപ്പോയി. അവിടെ ഉണ്ടായ വികാരനിർഭരമായ രംഗം ഹദ്റത്ത് അഹ്മദ്(അ)ന്റേയും കണ്ണുകളേയും ഈറനണിയിച്ചു. ഇനി ഒരിക്കലും മഹ്ദീമസീഹിനെ കാണാൻ തനിക്ക് അവസരം ഉണ്ടാകുകയില്ലെന്ന് തന്റെ അകക്കണ്ണുകൊണ്ട് അദ്ദേഹം കണ്ടിരുന്നു. യാത്ര പിരിയുന്ന അവസരത്തിൽ അദ്ദേഹം ഹദ്റത്ത് അഹ്മദ്(അ)ന്റെ കാലിൽ കുഴഞ്ഞുവീണു. തന്റെ കാൽക്കൽ ആരെങ്കിലും വീഴുന്നതും പാദങ്ങൾ സ്പർശിക്കുന്നതും ഹദ്റത്ത്(അ) ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. ഹദ്റത്ത് അഹ്മദ്(അ) ആകുന്നത്ര പറഞ്ഞിട്ടും അദ്ദേഹം കാലുവിടാൻ തയ്യാറായില്ല. അവസാനം അദ്ദേഹത്തിന്റെ ആത്മീയസ്ഥാനം മനസ്സിലാക്കിയ ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു: 'അൽ അംറു ഫൗഖൽ അദബ്(കല്പന അനുസരിക്കലാണ് വിനയത്തിലും ഉയർന്നത്). ഇതു കേട്ടതോടെ അദ്ദേഹം ഒരുകുട്ടിയെപ്പോലെ ചാടി എഴുന്നേല്ക്കുകയും വളരെ ഗദ്ഗദത്തോടെ ഇങ്ങനെ പറയുകയും ചെയ്തു: 'ഇനി ജീവിതത്തിലൊരിക്കലും അങ്ങയുടെ തിരുമുഖം എനിക്ക് കാണാൻ കഴിയുകയില്ല. ഇത് അവസാനത്തെ ദർശനമാണ്. എനിക്കു പൊറുത്തുതന്നാലും.'

താൻ നാട്ടിൽ തിരിച്ചെത്തുന്നതോടെ ജീവൻ ബലിയാക്കേണ്ടിവരുമെന്ന് അദ്ദേഹം വെളിപാടു മുഖേന അറിഞ്ഞിരുന്നു. അദ്ദേഹം തന്റെ സ്നേഹിതന്മാരോടു പാർസിയിൽ പറഞ്ഞുകൊണ്ടിരുന്നു, 'ബാർബാർ ഇൽഹാം മേശൂദ്, സർബുദ സർബുദ സർബുദ(എനിക്ക് അടിക്കടി ഇൽഹാം ഉണ്ടായിക്കൊണ്ടിരിക്കുന്നു, തല നല്കൂ, തല നല്കൂ, തല നല്കൂ) എന്ന്. ഫിർഔന്റെ അടുക്കൽ ചെല്ലുക എന്നും ഒരിക്കൽ അദ്ദേഹത്തിന് ഇൽഹാമുണ്ടായി. കാബൂളിലെ മണ്ണ് തന്റെ രക്തത്തിനുവേണ്ടി ദാഹിച്ചുകൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു.

കാബൂളിലേക്കുള്ള മടക്കയാത്രയിൽ, ബ്രിട്ടീഷ് പ്രദേശത്തുതന്നെയായിരിക്കെ തന്റെ ഒരു ശിഷ്യനായ ബ്രിഗാഡിയർ മുഹമ്മദ് ഹുസയ്ന് അദ്ദേഹം ഒരു കത്തയച്ചു. തനിക്ക് ഹജ്ജിനുപോകാൻ കഴിഞ്ഞില്ല. തന്റെ കാര്യങ്ങളെല്ലാം അമീർ ഹബീബുല്ലാ ഖാനോടു വിശദീകരിച്ചു പറയണം. തന്റെ ആദരം അറിയിക്കുന്നതിന് അമീറിന്റെ മുമ്പിൽ നേരിട്ട് ഹാജരാകാൻ അനുവാദമുണ്ടോ എന്നും അറിയിക്കണം!

അമീറിൽനിന്ന് അനുകൂല മറുപടി വന്നു. വാസ്തവത്തിൽ ഒരു പുണ്യാത്മാവിനോടു അമീർ ഹബീബുല്ലാഹ് ഖാൻ ചെയ്ത് ചതിയും വഞ്ചനയുമായിരുന്നു അത്. അങ്ങനെ അദ്ദേഹം ഖോസ്തിലേക്ക് പുറപ്പെട്ടു. അതിർത്തി കടന്നുടനെ അദ്ദേഹം അറസ്റ്റു ചെയ്യപ്പെട്ടു. പോലീസുകാർ ആ പുണ്യാത്മാവിനെ രാജാവിന്റെ മുമ്പിൽ ഹാജരാക്കി. അമീർ തനിക്കെതിരെ വളരെ സ്വാധീനിക്കപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹത്തെ കണ്ടുടനെ ഹദ്റത്ത് അബ്ദുല്ലത്വീഫ് സാഹിബ് മനസ്സിലാക്കി. ഒരു വിധ അന്വേഷണവും കൂടാതെ താൻ താമസിക്കുന്ന കോട്ടയിൽത്തന്നെ ഒരു പ്രത്യേക തടവുമുറിയിൽ അദ്ദേഹത്തെ ബന്ധനസ്ഥനാക്കാനായിരുന്നു രാജാവ് കല്പിച്ചത്. കനത്ത ചങ്ങലകൾകൊണ്ട് കൈകാലുകൾ ബന്ധിച്ചിരുന്നു. അങ്ങനെ അല്ലാഹുവിൽനിന്ന് ആഗതനായ ഇമാം മഹ്ദിയെ വിശ്വസിച്ച് നബി(സ)തിരുമേനിയെ സ്മരിച്ച് ആ മഹാത്മാവിന് നബി(സ)തിരുമേനിയുടെ സലാം എത്തിച്ച് 'റബ്ബുനല്ലഹ്'എന്നു പറഞ്ഞതിന്റെ പേരിൽ ആ ദിവ്യാത്മാവ് തുറുങ്കിൽ അടയ്ക്കപ്പെട്ടു. ആ കാരാഗ്രഹത്തിൽ നാലുമാസക്കാലം ദുരിതപൂർണമായ ജീവിതം അദ്ദേഹത്തിന് കഴിച്ചുകൂട്ടേണ്ടിവന്നു.

നാലു മാസം കഴിഞ്ഞപ്പോൾ അമീർ ഹബീബുല്ലാ ഖാൻ അദ്ദേഹത്തെ തന്റെ മുമ്പാകെ ഹാജരാക്കാൻ കല്പിച്ചു. ഈ നാലുമാസവും ഇടയ്ക്കിടെ അദ്ദേഹത്തിന്റെ അടുക്കൽ പോയി മിർസായെ തള്ളിപ്പറയാൻ ഉപദേശിച്ചുകൊണ്ടിരുന്നു. അതിനുവേണ്ടിത്തന്നെയാണ് തന്റെ കൊട്ടാരത്തിന്റെ അടുത്തുതന്നെ അദ്ദേഹത്തെ തടവിൽ പാർപിച്ചതും. കാരണം അദ്ദേഹത്തെ നല്ലവണ്ണം അമീറിന് അറിയാമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ ഉപദേശിച്ച് നന്നാക്കി എടുക്കണമെന്ന് അദ്ദേഹം കരുതി.

പക്ഷേ, താൻ സത്യം കണ്ടെത്തിക്കഴിഞ്ഞുവെന്നും സർക്കാർ തനിക്കു നല്കുന്ന ശിക്ഷ മരണമാണെങ്കിൽ, അല്ലാഹുവിനെ ധിക്കരിക്കുന്നതുമൂലം തനിക്ക് നിത്യനാശത്തെയാണ് നേരിടേണ്ടിവരികയെന്നും പറഞ്ഞുകൊണ്ട് അദ്ദേഹം അമീറിന്റെ നിർദേശം തള്ളിക്കളഞ്ഞു. തന്നെ എതിർക്കുന്ന മുല്ലമാർ തന്റെ വിശ്വാസങ്ങളുടെ സത്യാസത്യങ്ങൾ ഒരു തുറന്ന വാദപ്രതിവാദത്തിലൂടെ തെളിയിക്കാൻ തയ്യാറാകുകയും താനുന്നയിക്കുന്ന തെളിവുകളെ ഫലപ്രദമായി ഖണ്ഡിക്കുകയും ചെയ്യുന്ന പക്ഷം, തന്റെ മേൽ കുറ്റം വിധിക്കുകയും എന്ത് ശിക്ഷയും ഏല്പിക്കുകയും ചെയ്യുവുന്നതാണെന്ന് ആ പുണ്യപുമാൻ അറിയിച്ചു. ഈ നിർദേശം അംഗീകരിക്കുകയും ഖാൻ മുല്ലാഖാനേയും എട്ടു മുല്ലമാരേയും അബ്ദുല്ലത്വീഫ് സാഹിബുമായി വാദപ്രതിവാദം നടത്താൻ തിരഞ്ഞെടുക്കുകയും ചെയ്തു. അബ്ദുൽ ഗനി എന്ന ഒരു പഞ്ചാബിയായിരുന്നു മധ്യസ്ഥനായി നിശ്ചയിക്കപ്പെട്ടത്. അയാൾ അബ്ദുല്ലത്വീഫ് സാഹിബിന്റെ കഠിന വിരോധിയുമായിരുന്നു.

എഴുത്തുമുഖേനയായിരുന്നു വാദപ്രതിവാദം. രാവിലെ 7 മുതൽ വൈകുന്നേരം 3 മണിവരെയായിരുന്നു അത് നടന്നത്. മസ്ജിദിന്റെ ഉൾഭാഗം ജനനിബിഢമായിരുന്നു വെങ്കിലും വാദപ്രതിവാദം എഴുത്തുമുഖേനയായിരുന്നതുകൊണ്ട് ആർക്കും ഒന്നും കേൾക്കാൻ കഴിഞ്ഞില്ല. അമീർ ഹബീബുല്ലാ ഖാൻ ഹാജരായിരുന്നുമില്ല.

അവസാനം വളരെ തന്ത്രപൂർവം മുല്ലമാർ ഒരു കെണി ഒരുക്കി. അതുവരെയുള്ള വാദവും പ്രതിവാദവും മറച്ചുവച്ചുകൊണ്ട് ഒരൊറ്റ ചോദ്യം ചോദിച്ചു.'മിർസാ ഖാദിയാനിയാണ് വാഗ്ദത്ത മസീഹെങ്കിൽ ഈസാ നബിയുടെ രണ്ടാം വരവിനെപറ്റി എന്തു പറയുന്നു? ഈസാ(അ) മരിച്ചുപോയിരിക്കുന്നതായി വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിരിക്കുന്നതിനാൽ തിരിച്ചു വരാൻ നിവർത്തിയില്ലെന്ന് സയ്യിദ് അബ്ദുല്ലത്വീഫ് സാഹിബ് വെട്ടിത്തുറന്നു പറഞ്ഞു. ഇതോടെ ബഹളമായി. ഈസാനബി മരിച്ചുപോയി എന്ന് അബ്ദുല്ലത്വീഫ് സാഹിബ് പറഞ്ഞതുമാത്രമാണ് ജനങ്ങൾ കേട്ടത്. അവരാണെങ്കിൽ മുല്ലമാരുടെ ചതിയിൽപ്പെട്ട് ഈസാ നബി ജീവിച്ചിരിക്കുന്നുവെന്ന് വിശ്വസിക്കുന്നവരായിരുന്നു. മറ്റു വാദങ്ങളോ പ്രതിവാദങ്ങളോ തെളിവുകളോ പ്രമാണങ്ങളോ ഒന്നും ജനങ്ങൾ കേട്ടിരുന്നില്ല.

അതോടെ മുല്ലമാർ പൊട്ടിത്തെറിക്കുകയും അദ്ദേഹം കാഫിറാണെന്ന് ആക്രോശിക്കുകയും മുർത്തദ്ദാണെന്ന് അവർ വിധിക്കുകയും ചെയ്തു. ഉടൻത്തന്നെ അബ്ദുല്ലത്വീഫ് സാഹിബിന്റെ കരചരണങ്ങളിൽ കനത്ത ചങ

ലകൾ വീഴുകയും ജയിലറയിലേക്ക് അദ്ദേഹം നീക്കപ്പെടുകയും ചെയ്തു. വാദപ്രതിവാദം നടന്നുകൊണ്ടിരിക്കെ ഊരിയ വാളുമായി എട്ടു പട്ടാളക്കാർ അദ്ദേഹത്തിന്റെ ചുറ്റും കാവൽ നിന്നിരുന്നു.

മുഫ്തിമാരുടെ ഫത്‌വ അമീർ ഹബീബുല്ലാ ഖാന്റെ മുമ്പിൽ സമർപ്പിക്കപ്പെട്ടു. പക്ഷേ, വിവാദത്തിന്റെ രേഖകളൊന്നും അമീർ ഹബീബുല്ലാഹ് ഖാന് കൊടുത്തിരുന്നില്ല. മുല്ലമാർക്ക് അബ്ദുല്ലത്വീഫ് സാഹിബിന്റെ ന്യായവാദങ്ങളെ ഖണ്ഡിക്കാൻ കഴിഞ്ഞില്ലെന്നതിലേക്ക് ഇതുതന്നെ മതിയായ തെളിവാണ്. മുഫ്തിമാരുടെ തീരുമാനത്തെ മാത്രം ആസ്പദമാക്കി, ന്യായാന്യായങ്ങൾ തുലനം ചെയ്യാതെയും പരിശോധിക്കാതെയും അമീർ ഹബീബുല്ലാഹ്, ഹദ്റത്ത് സയ്യിദ് സാഹിബിനെ എറിഞ്ഞുകൊല്ലാൻ കല്പിക്കുകയാണ് ചെയ്തത്.

അടുത്ത ദിവസം രാവിലെ അബ്ദുല്ലത്വീഫ് സാഹിബിനെ 'സലാംഖാന'യിലേക്ക് കൊണ്ടുപോയി. അവിടെ വലിയൊരു പുരുഷാരം ഉണ്ടായിരുന്നു. അമീർ, കോട്ടയിൽനിന്ന് പുറത്തിറങ്ങി. സലാംഖാനയിലൂടെ കടന്നുവരുമ്പോൾ അബ്ദുല്ലത്വീഫ് സാഹിബിനെ കണ്ടു. എന്താണ് തീരുമാനമെന്ന് രാജാവ് ഹബീബുല്ലാഹ് അന്വേഷിച്ചു. അബ്ദുല്ലത്വീഫ് സാഹിബ് മൗനം പാലിച്ചെങ്കിലും കുറ്റം വിധിച്ചതായി സൈനികർ അറിയിച്ചു. അമീർ ഹബീബുല്ലാഹ് 'സലാംഖാന'യിൽ വീണ്ടും വന്നു. അബ്ദുല്ലത്വീഫ് സാഹിബിനോടു ഒരിക്കൽക്കൂടി അഭ്യർഥിച്ചു: 'താങ്കളെ മുർത്തദ്ദായി വിധിച്ചിരിക്കുന്നു. പശ്ചാത്തപിച്ചു പിന്മാറുന്ന പക്ഷം ജീവൻ രക്ഷിക്കപ്പെടും.' ഈ ദുഷ്ടാത്മാക്കളുടേയും അവരുടെ കോലാഹലങ്ങളുടേയും ഇടയിൽ, മലക്കുകൾ നാലുഭാഗത്തും സ്വർഗത്തിലേക്ക് തന്നെ ആനയിച്ചുകൊണ്ടു പോകാൻ തയ്യാറായി നില്ക്കുന്ന കാഴ്ച കണ്ടുകൊണ്ട്, 'റബ്ബുനല്ലാഹ് എന്ന് പറഞ്ഞതിനു ശേഷം ഇസ്തിഖാമത്തിന്റെ പ്രഭാവം പ്രകടിപ്പിച്ചുകൊണ്ട് സ്ഥൈര്യത്തോടെ നെഞ്ചു വിരിച്ചു നിന്ന ആ വലിയുല്ലാഹ് അചഞ്ചലനായി പറഞ്ഞു: 'സത്യത്തിൽനിന്ന് ഞാൻ വിട്ടുമാറുകയില്ല. എന്റെ ജീവൻ രക്ഷപ്പെടുത്തുന്നതിനു വേണ്ടി ഞാൻ അസത്യത്തിലേക്ക് ഒരിക്കലും മടങ്ങുകയുമില്ല.

ഇതുകേട്ടപാടെ മുഫ്തിമാരുടെ പ്രഖ്യാപനപ്രകാരം അബ്ദുല്ലത്വീഫ് സാഹിബ് ഒരു മുർത്തദ്ദാണെന്നും അതിനാൽ എറിഞ്ഞുകൊല്ലപ്പെടാൻ വിധിച്ചിരിക്കുന്നുവെന്നും അമീർ ഹബീബുല്ലാ ഖാൻ സ്വന്തം കൈകൊണ്ടുതന്നെ വിധിയെഴുതി. ഈ വിധിരേഖ അബ്ദുല്ലത്വീഫ് സാഹിബിന്റെ കഴുത്തിൽ കെട്ടിത്തൂക്കി. ആ മഹാമനുഷ്യന്റെ മൂക്കിന് തുളയിടാനും അതിലൂടെ കയറിട്ട് കുടുക്കാനും വധസ്ഥലിയിലേക്ക് വലിച്ചുകൊണ്ടുപോകാനും അമീർ ഹബീബുല്ലാഹ് ഖാൻ കല്പിച്ചു. കല്പന ഉടനെ നടപ്പാക്കി. അബ്ദുല്ലത്വീഫ് സാഹിബിനെ നഗരത്തിന്റെ പുറത്ത് വധസ്ഥലിയിലേക്ക് ആർത്തട്ടഹസിക്കുന്ന, ശകാരം ചൊരിയുന്ന ക്ഷുഭിത പുരുഷാരത്തിന്റെ മധ്യത്തിലൂടെ വലിച്ചുകൊണ്ടുപോയി. പ്രധാന ഖാളിയുടേയും മുഫ്തിമാരുടേയും ഉയർന്ന ഉദ്യോഗസ്ഥന്മാരുടേയും സൈനികരുടേയും അകമ്പടിയോടെ അമീർ ഹബീബുല്ലാ ഖാനും വധസ്ഥലിയിലേക്ക് നീങ്ങി.

അവിടെ ഒരു കുഴി ഉണ്ടാക്കപ്പെട്ടിരുന്നു. അബ്ദുല്ലത്വീഫ് സാഹിബിനെ ആ കുഴിയിൽനിറുത്തി, അരയോളം മണ്ണുമൂടി. അമീറും അദ്ദേഹത്തിന്റെ സഹോദരനായ നസ്‌റുല്ലാഹ് ഖാനും സൈന്യാധിപൻ അബ്ദുൽ അഹദ് എന്നിവരും കുതിരപ്പുറത്തായിരുന്നു.

അവസാനശ്രമമെന്ന നിലയിൽ അമീർ ഹബീബുല്ലാഹ് ഖാൻ ഒരിക്കൽക്കൂടി അബ്ദുല്ലത്വീഫ് സാഹിബിനെ സമീപിച്ചു. മിർസാ സാഹിബിനെ തള്ളിപ്പറയാൻ അഭ്യർഥിച്ചു. അതിനു തയ്യാറാണെങ്കിൽ ആ ഘട്ടത്തിലും മോചിതനാകാൻ കഴിയുമെന്ന് ഹബീബുല്ലാഹ് കാതിൽ പറഞ്ഞു. തന്നോടും കുടുംബാംഗങ്ങളോടും കരുണ കാണിക്കണമെന്നും അബ്ദുല്ലത്വീഫ് സാഹിബിനോടു വിനയപൂർവം അപേക്ഷിച്ചു. സ്വർഗം മുന്നിൽ കണ്ടുകൊണ്ടുനിന്ന, സ്വർഗത്തിലെ സുഗന്ധം ആസ്വദിച്ചുകൊണ്ട് അവിടേക്ക് പോകാൻ വെമ്പൽ പൂണ്ടുനിന്ന മഹാനായ അബ്ദുല്ലത്വീഫ് സാഹിബ് പറഞ്ഞു: 'ജീവൻ രക്ഷിക്കാൻവേണ്ടി സത്യത്തെ കൈവെടിയാൻ എനിക്കു സാധ്യമല്ല.' അപ്പോൾ ഖാളിമാരും ജൂറിമാരും ആർപ്പുകൂട്ടുകയും ഉടൻ കഥ കഴിക്കേണ്ട കൊടിയ കാഫിറാണ് ഇയാളെന്ന് ഉച്ചത്തിൽ വിളിച്ചു പറയുകയും ചെയ്തു.

ആദ്യത്തെ കല്ലെറിയാൻ അമീർ ഹബീബുല്ലാഹ് ഖാൻ ഖാളിയോടു അഭ്യർഥിച്ചു. അമീറാണ് അതിന്നർഹനെന്നും അദ്ദേഹമാണ് രാഷ്ട്രത്തലവനെന്നും ഖാളി ബോധിപ്പിച്ചു. നിയമത്തിന്റെ അധികാരി ഖാളിയാണെന്നും അതുകൊണ്ട് ഖാളി തന്നെയാണ് തുടക്കം കുറിക്കാൻ അവകാശിയെന്നും രാജാവ് പറഞ്ഞു. അപ്പോൾ രാജാവ് കുതിരപ്പുറത്തുനിന്നിറങ്ങി. അബ്ദുല്ലത്വീഫ് സാഹിബിനെ ലക്ഷ്യമാക്കി അയാൾ കല്ലെടുത്തെറിഞ്ഞു. അത് ലക്ഷ്യം തെറ്റാതെ ഊക്കിൽ അബ്ദുല്ലത്വീഫ് സാഹിബിന്റെ നെറ്റിത്തടത്തിൽ പതിച്ചു. ആ ശിരോഭാരം ചരിഞ്ഞുവീണു. പിന്നീട് അമീർ ഹബീബുല്ലാഹ് മറ്റൊരു കല്ലെറിഞ്ഞു. അതോടെ നാനാ ഭാഗങ്ങളിൽനിന്ന് കല്ലുകൾ വന്നു പതിക്കുകയായി. ആ ശിലാ വർഷത്തെ തുടർന്ന് അവിടെ ഒരു വലിയ കൽകൂമ്പാരം രൂപപ്പെട്ടു. അതിനുള്ളിൽ ഒരു മഹാഭക്തന്റെ , റബ്ബുനല്ലാഹ് എന്നു പറഞ്ഞ് സ്ഥിരചിത്തനായി നിന്ന ഒരു പുണ്യാളന്റെ തുടിച്ചുകൊണ്ടിരുന്ന ജീവൻ പിടച്ചു പിടച്ചു അന്ത്യശ്വാസം വലിച്ചു. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ* 1903 ജൂലായ് 14 ന് നടന്ന ഈ കിടിലം കൊള്ളിക്കുന്ന ആ മഹാസംഭവം ഖാദിയാനിലെ വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് അഹ്മദ്(അ) അറിഞ്ഞപ്പോൾ പറഞ്ഞു: ഈ കൊല, വലുതായ, കരുണയില്ലായ്മയോടെയാണ് നടത്തപ്പെട്ടത്. ആകാശത്തിനുകീഴിൽ ഇക്കാലത്ത് ഇത്തരം ഒരു കൊലയ്ക്ക് തുല്യമായ മറ്റൊരു സംഭവം കണ്ടെത്താനാവില്ല.

ഹായ്! *ഉസ് നാദാൻ അമീർ നെ കിയ കിയ? ഐസെ മഅസൂം ശഖ്സ് കൊ, കമാൽ ബേദർദി സെ ഖത്തൽ കർകെ, അപ്നി തഈൻ തബാഹ് കർ ലിയാ. ഏ കാബുൾ കി സമീൻ! തൂ ഗവാഹ് രഹ്, കെ തേരെ പർ, സഖ്ത് ജുറും കാ ഇർത്തിക്കാബ് കിയാ ഗയാ, ഏ ബദ് ഖിസ്മത്ത് സമീൻ! തൂ ഖുദാ കി നസർ സെ ഗിർഗയി. കെ തൂ ഇസ് ള്ളുൽമെ അളീം കി ജഗ ഹെ.*

ഹാ കഷ്ടം ! അവിവേകിയായ ഈ അമീർ എന്താണ് കാട്ടികൂട്ടിയത്? ഒരു പരമ നിരപരാധിയെ അസാധാരണമായ നിർദയത്വത്തോടെ കൊന്നുകൊണ്ട് അയാൾ സ്വയം നാശത്തിന്നിരയായിരിക്കുന്നു. ഓ കാബൂൾ ഭൂവേ! നീ സാക്ഷി നില്ക്കുക! നിന്റെ വിരിമാറിൽവച്ചാണ് ഈ കൊടുംപാതകം നടത്തപ്പെട്ടത്. ഓ ഭാഗ്യംകെട്ട ഭൂപ്രദേശമേ! ദൈവദൃഷ്ടിയിൽനിന്ന് നീ തരം താണു പോയിരിക്കുന്നു. ഈ മഹാപാതകത്തിന്റെ ക്രിയാവേദി നിന്റെ നിലമാണല്ലോ."

അന്നുമുതൽ ഇന്നുവരെ അഫ്ഘാനിസ്ഥാൻ ആ കൊലപാതകത്തിന്റെ കെടുതി പേറുകയാണ്; ഇടതടവില്ലാതെ.

★★★★

# ഖിലാഫത്ത് ദിനയോഗം

**കൂടാളി:** ആഗോള അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ കൂടാളി ശാഖ 'യൗമെ ഖിലാഫത്ത്' അഥവാ ഖിലാഫത്ത് ദിനം പൂർവാധികം ഭംഗിയോടെ ആഘോഷിക്കുകയുണ്ടായി. മഗ്‌രിബ് നമസ്കാരത്തിനുമുമ്പേതന്നെ പുരുഷന്മാരും സ്ത്രീകളും കുട്ടികളുമെല്ലാം മസ്ജിദിലെത്തിയിരുന്നു. മൗലവി മുഹമ്മദു ഇസ്മായീൽ സാഹിബിന്റെ നേതൃത്വത്തിൽ മഗ്‌രിബ്-ഇശാ നമസ്കാരങ്ങൾ ജംഅ്-ജമാഅത്തായി നമസ്കരിച്ചു. അതിനുശേഷം ഖിലാഫത്ത് ദിന യോഗം ചേർന്നു. ജനാബ് സി. മുനീർ അഹ്മദ് സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ കാര്യപരിപാടികൾക്ക് തുടക്കം കുറിച്ചു. പാരായണം ചെയ്യപ്പെട്ട വചനങ്ങളുടെ അർഥവും കേൾപ്പിക്കപ്പെട്ടു. തുടർന്ന് അത്ഫാലുൽ അഹ്മദിയ്യ കുട്ടികൾ ഖിലാഫത്തിനെ കുറിച്ച് പ്രതിപാദിക്കുന്ന പദ്യം സംഘമായി അവതരിപ്പിച്ചു. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് ആലപ്പുഴ മുഖ്യപ്രഭാഷണം നടത്തി.

അദ്ദേഹം പറഞ്ഞു: പിന്തുടർച്ചക്കാരൻ, പിൻഗാമി, എന്നൊക്കെ അർഥം വരുന്ന പദമാണ് ഖലീഫ. ഇസ്‌ലാമിക രാഷ്ട്രീയത്തിലെ സുപ്രധാനമായൊരു സാങ്കേതിക പദമാണിത്. പ്രവാചകന്മാരിൽ അതിശ്രേഷ്ഠനായ മുഹമ്മദു നബി(സ)യുടെ മരണശേഷം ഇല്സാമിക സമൂഹത്തിന്റെ നേതൃത്വവും ഭരണവും ഏറ്റെടുത്ത ആളാണ് ഖലീഫ എന്ന് വിളിക്കപ്പെട്ടത്. മുഴുവൻരൂപം 'ഖലീഫത്തുർറസൂൽ' എന്നാണ്. പ്രവാചകന്റെ പിന്തുടർച്ചക്കാരൻ എന്നർഥം. ആഗോളാടിസ്ഥാനത്തിൽ എല്ലാ മുസ്‌ലിമീങ്ങളും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന നാലു ഖലീഫമാരാണ് നബി(സ)തിരുമേനിക്കുശേഷം വന്നത്.

ഹദ്റത്ത് അബൂബക്ർ(റ)(632-634), ഹദ്റത്ത് ഉമർ(റ)(634-644) ഹദ്റത്ത് ഉഥ്മാൻ(റ)(644-656) ഹദ്റത്ത് അലി(റ)(656-661) എന്നിവരാണ് നബി(സ)തിരുമേനിക്കുശേഷം ഇസ്‌ലാമിക ലോകത്തിന്റെ നേതൃത്വം ഏറ്റെടുത്തത്.

ഇക്കാലയളവിൽ ഇസ്‌ലാം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപിക്കുകയും ഇസ്‌ലാമികസാമ്രാജ്യത്തിന്റെ അതിർത്തി വികസിക്കുകയും ചെയ്തു. 'ഖുലഫാഉർറാശിദൂൻ' എന്നാണ് ഈ നാലുപേരും അറിയപ്പെടുന്നത്. നാലുപേരേയും തിരഞ്ഞെടുത്തത് വ്യത്യസ്ത രൂപത്തിലായിരുന്നു. അതുകൊണ്ടുതന്നെ നിയതമായ ഖിലാഫത്ത് രീതി ഖിലാഫത്തിൽ കാണാൻ സാധിക്കില്ല. എന്നാൽ, കൂടിയാലോചന (ശൂറ)എല്ലാറ്റിലും പൊതു ഘടകമായിരുന്നു.

തുടർന്ന് മൗലവി ശഫീഖ് അഹ്മദ് സാഹിബ് പ്രസംഗിച്ചു. യോഗത്തിൽ 140 പേർ പങ്കെടുത്തു.

സെക്രട്ടറി ഇശാഅത്ത്


**ത്വാലിബെ ദുആ**

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732


**• അല്ലാഹുവിന്റെ കലാം: •**

"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ." (വിശുദ്ധ ഖുർആൻ 3:148)


ത്വാലിബെ ദുആ: T.A. SUDHEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

EDITOR
H.Shamsuddin

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ
Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP-44/2023-2025 Vol-8 Thursday 15 June 2023 Issue-24

MANAGER
Sheik Mujahid

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarmalayalam@gmail.com

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**(കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച)**

✷ ഈ ജൽസയിൽ ബയ്അത്ത് ചെയ്ത സ്പെയിനിൽ നിന്നുവന്ന ഒരു അറബ് സ്നേഹിതൻ ഇദ് രീസ് സാഹിബ് പറയുന്നു: ജൽസയുടെ വ്യവസ്ഥിതിയും സംവിധാനവും അച്ചടക്കവും ഇത്രയും വലിയ സമ്മേളനവും കണ്ടപ്പോൾ വിസ്മയമുണ്ടായി. ഇത്രയും വലിയ ജനക്കൂട്ടം ഒരു ഖലീഫയുടെ പിന്നിൽ ഒരു മാലയെന്ന പോലെ കോർത്തിണക്കപ്പെട്ടിരിക്കുന്നു. ആത്മപുളകം സൃഷ്ടിക്കുന്നതായിരുന്നു ഈ കാഴ്ച. എനിക്ക് ലഭിച്ച സന്തോഷത്തിന് അതിരില്ല. ഓരോ ജൽസയിലും പങ്കെടുക്കണമെന്നത് എന്റെ അഭിലാഷമാണ്. കാരണം, ഹൃദീയമായ നിലയിലും ആത്മീയമായ നിലയിലും ഈ ജൽസ മുഖേന എനിക്ക് ഒരു ബന്ധം സുസ്ഥിരമായി.

✷ ഈ ജൽസയിൽ ബയ്അത്ത് ചെയ്ത സ്പെയിനിൽനിന്നു വന്ന ഒരു അറബ് സ്നേഹിതൻ മുഹമ്മദ് അലി അറബി സാഹിബ് പറയുന്നു: ഈ മഹനീയ ജൽസയിൽ വിവിധ രാജ്യങ്ങളിൽനിന്നു വന്ന അഹ്മദികളോടൊപ്പം പങ്കെടുത്ത് വളരെയധികം സന്തോഷമുണ്ടായി. നിങ്ങളുടെ ശ്രേഷ്ഠമായ ആതിഥ്യത്തേയും സത്സ്വഭാവത്തേയും സ്തുതിക്കാതിരിക്കാൻ കഴിയില്ല. വളരെയധികം ഇസ്‌ലാമിക സംഘടനകളെ ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ, ഒരു സംഘടനയിലും ഇത്തരമൊരു മാതൃകയില്ല. ഒരു കൈയിൽ സംഘടിച്ച് അഹ്മദിയ്യാ ജമാഅത്ത് ഒരു വ്യക്തി പോലെയായി മാറി.

✷ ജൽസയിൽ പങ്കെടുത്ത ഒരു സിറിയൻ ഡോക്ടർ പറയുന്നു: ദൈവത്താണ! ബൃഹത്തായ ഇത്തരത്തിലുള്ള സംവിധാനം ഞാനെന്റെ ജീവിതത്തിലൊരിക്കലും കണ്ടിട്ടില്ല. ആറ് വ്യക്തികളെ, നോക്കി നടത്താൻ നമുക്ക് സാധിക്കാറില്ല. ഇവിടെ നാർപ്പതിനായിരത്തിന് അടുത്ത് ആളുകൾ ഒരുമിച്ചു കൂടി. ഒരു തരത്തിലുമുള്ള അസ്വസ്ഥതയുമില്ല. ഞാൻ ഹൃദയത്തിന്റെ ആഴത്തിൽനിന്ന് ഹദ്റത്ത് മിർസാ സാഹിബി നേയും അദ്ദേഹത്തിന്റെ ഖലീഫമാരേയും ആദരിക്കുന്നു, ബഹുമാനിക്കുന്നു. ബറാഹീനെ അഹ്മദിയ്യ ഞാൻ പൂർണമായും വായിച്ചു. അല്ലാഹുവാണ! പത്തൊമ്പതാം നൂറ്റാണ്ടിൽ ഇസ്‌ലാമിനെ പ്രതിരോധിച്ചുകൊണ്ട് ഇതു പോലുള്ള ഒരു ഗ്രന്ഥവും എഴുതപ്പെട്ടിട്ടില്ല. അറബ് ലോകത്തുമില്ല, ഒരു രാജ്യത്തിലുമില്ല.

മിർസാ സാഹിബ് ഇസ്‌ലാമിനെ പ്രതിരോധിച്ചതുപോലെ മുസ്‌ലിമീങ്ങളിൽ ഇതു പോലെയൊരു ഉദാഹരണമില്ല. ഞാൻ പൂർണ ഉറപ്പോടെ പറയുന്നു, അദ്ദേഹം ഇസ്‌ലാമിന്റേയും നബി(സ)തിരുമേനിയുടേയും സത്യസന്ധനായ പ്രേമിയും അനുരക്തനുമാണ്. നിങ്ങളുടെ ജമാഅത്ത് ഉത്തരോത്തരം വളർന്നു വരട്ടെ എന്നതാണ് എന്റെ പ്രാർഥന.

അറബികളുമായുള്ള ഹുദൂറിന്റെ ഈ കൂടിക്കാഴ്ച 09.15 വരെ നീണ്ടു നിന്നു.

**2015 ജൂൺ 7**

അമീറുൽ മുഅ്മിനീൻ അയ്ദഹുല്ലാഹ് വെളുപ്പിന് 4.30ന് പുരുഷന്മാരുടെ ജൽസാ ഗാഹിലെത്തി സുബ്ഹി നമസ്കരിച്ചു. അതിനുശേഷം താമസസ്ഥലത്തെത്തി ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ മുഴുകി.

പരിപാടിയനുസരിച്ച് മൂന്നു മണിക്ക് ഹുദൂർ അയ്യദഹുല്ലാഹ് ഓഫീസിൽ വന്നു. ഇസ്‌ലാമിക് സ്റ്റഡീസിന്റെ പ്രൊഫസർ MATHIAS ROHE സാഹിബും ഒരു ഡിപ്ലോമാറ്റ് HARALD KINDERMANN ഇദ്ദേഹം തിങ്ടാങ്കിന്റെ അംഗവുമാണ് ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കെത്തിയിരുന്നു.

കൂടിക്കാഴ്ചയ്ക്കിടയിൽ ഇസ്‌ലാമീ പ്രൊഫസർ ഹുദൂറിന്റെ തിരുസന്നിധിയിൽ താനെഴുതിയ പുസ്തകവും സമർപ്പിച്ചു.

HARALD സാഹിബ് ലോകത്തിലെ നിലവിലെ അവസ്ഥകൾ വിവരിച്ചുകൊണ്ട് പറഞ്ഞു, കഴിഞ്ഞ 20 വർഷത്തെ ചരിത്രത്തിൽ കാണാത്ത വിധം ഇക്കാലത്ത് കുഴപ്പങ്ങൾ പെരുകിയിരിക്കുകയാണ്. ഈ അവസ്ഥയെ നേരിടുന്നതിന് ഭീകരവാദത്തെ വെറുക്കുകയും സമാധാനത്തെ സ്നേഹിക്കുകും ചെയ്യുന്നവരുടെ വിശാലമായ ഐക്യമുണ്ടാകേണ്ട ആവശ്യമാണുള്ളത്. ഹുദൂർ അയ്യദഹുല്ലാഹ് ചോദിച്ചപ്പോൾ പാശ്ചാത്യ വിദേശ പോളിസി ഉദ്ധരിച്ച് അദ്ദേഹം പറഞ്ഞു, കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ പാശ്ചാത്യർ വലിയ തെറ്റുകളാണ് ചെയ്തത്. ഉദാഹരണത്തിന് ശാമിലും ഇറാഖിലും ലിബിയായിലുമുള്ള യുദ്ധ തീരുമാനം.

അദ്ദേഹം പറഞ്ഞു: പാശ്ചാത്യവിദേശ പോളിസിയിൽ പുനർചിന്തനത്തിന്റെ ആവശ്യമുണ്ട്. ഭരണകൂടങ്ങളേയും തങ്ങളുടെ ആളുകളേയും മറ്റുള്ളവരെ സഹായിക്കൽ തങ്ങളുടെ സ്വന്തം സംരക്ഷണത്തിന് അനിവാര്യമാണെന്ന് ഓർമപ്പെടുത്തികൊടുക്കേണ്ടതാണ്.

ഹുദൂർ അൻവർ പറഞ്ഞു: ലിബിയയുടെ അവസ്ഥ അങ്ങേയറ്റം മോശമാണ്. ഈ പരിതസ്ഥിതിയിൽ അതിനുള്ള പരിഹാരം പെട്ടെന്ന് സാധ്യമല്ല. അവസ്ഥകൾ നേരെയാകാൻ ദീർഘകാലം ആവശ്യമുണ്ട്. ഇപ്പോൾ മനസ്സിലാകുന്നത് ഐ എസ്സ് ഐ എസ്സ് ലിബിയയിലും കടന്നുകഴിഞ്ഞിട്ടുണ്ടെന്നാണ്. അതുകൊണ്ട് യൂറോപ്പിന് വലിയ ഭീഷണിയാണുള്ളത്. കാരണം ഇറ്റലി ലിബിയയിൽനിന്ന് ദൂരത്തൊന്നുമല്ല.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: വടക്കൻ ആഫ്രിക്കൻ രാജ്യങ്ങൾ യൂറോപ്പിനോടടുത്താണുള്ളത്. അതുകൊണ്ട് അവർ ഭീകരവാദംപോലെയുള്ള പ്രശ്നങ്ങൾക്ക് ഇരയാകാതിരിക്കാൻ പാശ്ചാത്യരാജ്യങ്ങൾ ചെയ്യേണ്ടത് മൊറോക്കോയേയും സഹായിക്കുക എന്നതാണ്.

ഹുദൂർ അയ്യദഹുല്ലാഹ് ഇസ്‌ലാമിയാത്തിന്റെ പ്രൊഫസറോടു പറഞ്ഞു: ജർമനിയിലെ ജനങ്ങൾക്ക് ഇസ്‌ലാമിക നിയമങ്ങളിൽ താൽപര്യമുണ്ടോ? അപ്പോൾ പ്രൊഫസർ സാഹിബ് പറഞ്ഞു: ഒരു ആസക്തി നിലവിലുണ്ട്. ശരീഅത്ത് നിയമം എന്തെങ്കിലും DRACONIAN നിയമമല്ലെന്നും പ്രത്യുത വളരെ ഉചിതവും യുക്തവുമായ നിയമമാണെന്നും ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടത് നിർബന്ധമാണ്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കാൻ മാധ്യമങ്ങൾ വളരെ വലിയ പങ്കാണ് വഹിച്ചത്. ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: മുസ്‌ലിമീങ്ങൾ സ്വാതന്ത്ര്യത്തോടും സുരക്ഷിതമായും ഏതു രാജ്യത്ത് വസിക്കുന്നവരാണെങ്കിലും രാജ്യത്തിന്റെ നിയമം പാലിക്കേണ്ടതാണ്.

ഡിപ്ലോമാറ്റ് HARALD KINDERMANN സാഹിബ് റഷ്യയുടേയും ഉക്രൈനിന്റേയും അവസ്ഥകളെ ഉദ്ധരിച്ചുകൊണ്ടു പറഞ്ഞു: നിലവിലുള്ള ഈ അവസ്ഥകൾ കാരണത്താൽ സുരക്ഷാ വ്യവസ്ഥിതി താറുമാറായി കഴിഞ്ഞു. റഷ്യ, ഉക്രൈനിൽ നിന്ന് ഇങ്ങകങ്ങളുഅ പ്രദേശം പിടിച്ചെടുത്തുകൊണ്ടിരിക്കുന്നത് അന്താരാഷ്ട്ര നിയമ ലംഘനമാണ്.

ഹുദൂർ അയ്യദഹുല്ലാഹ് പൂർവ്വ മധ്യദേശത്തെ സമാധാനത്തെ ഉദ്ധരിച്ച് ചോദിച്ചപ്പോൾ ഡിപ്ലോമാറ്റ് പറഞ്ഞു: അവർ സമാധാനത്തിന് എന്തെങ്കിലും പ്രത്യേക പ്രതീക്ഷയുള്ളവരല്ല. അവിടെ എത്രമാത്രം ഒത്തുതീർപ്പുണ്ടാക്കുന്നവരാണുള്ളതെന്നാൽ സംഘടിച്ചുകൊണ്ടുള്ള ഒത്തുതീർപ്പ് കാണാൻ കഴിയുന്നില്ല. നിലവിലുള്ള പോളിസികളും സ്റ്റേയ്റ്റും തികച്ചും പരാജയപ്പെട്ടിരിക്കുകയാണ്. സമാധാനത്തിന്റെ പ്രതീക്ഷ അസ്തമിച്ചുകൊണ്ടിരിക്കുന്നു.

ഈ കൂടിക്കാഴ്ച 4 മണിവരെ നീണ്ടുനിന്നു.

**(തുടരും)**

---

(പേജ് 1ൽനിന്ന്)

**എല്ലാ അച്ചുതണ്ടും മുജാഹദയിലാണ്.**

എല്ലാ അച്ചുതണ്ടും മുജാഹദയിലാണ്. അല്ലാഹു പറയുന്നു: **വല്ലദീന ജാഹദൂ ഫീനാ ല നഹ്ദിയന്നഹും സുബുലനാ** (29:70) നമ്മുടെ കാര്യത്തിൽ പശ്രമിക്കുന്നതാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗങ്ങളിൽ നയിക്കുന്നതാണ്. മുജാഹദ കൂടാതെ ഒന്നും നടക്കുകയില്ല. വഞ്ചനയിൽ കിടക്കുന്നവരാണ് സയ്യിദ് അബ്ദുൽ ഖാദിർ ജീലാനി (റഹ്)റെ നോട്ടംകൊണ്ട് കള്ളനെ ഖുത്വുബാക്കി എന്നു പറയുന്നത്.

അത്തരം കാര്യങ്ങളാണ് ജനങ്ങളെ നശിപ്പിച്ചത്. ആരുടെയെങ്കിലും ഊത്തുകൊണ്ട് മഹാത്മാവായിത്തീരുമെന്ന് ആളുകൾ മനസ്സിലാക്കുന്നു.

ആരാണോ അല്ലാഹുവിനോടു ധിറുതി കാണിക്കുന്നത് അവൻ നശിച്ചുപോകുന്നു. ലോകത്തിലെ ഏതു വസ്തുവും ഘട്ടംഘട്ടമായാണ് അഭിവൃദ്ധിപ്പെടുന്നത്. ആത്മീയാഭിവൃദ്ധിയും അങ്ങനെത്തന്നെയാണ്. മുജാഹദ കൂടാതെ ഒന്നും നടക്കുകയില്ല. മുജാഹദയും നടത്തേണ്ടത് അല്ലാഹുവിൽ ആയിക്കൊണ്ടായിരിക്കണം. വിശുദ്ധ ഖുർആന്നെതിരിൽ സ്വയമേവ നിഷ്ഫലമായ ആത്മീയ വ്യായാമങ്ങളും യോഗികളെപ്പോലെ മുജാഹദയും ആസൂത്രണം ചെയ്തിരിക്കുക എന്നതല്ല. ഈ ജോലിക്കായിട്ടാണ് അല്ലാഹു എന്നെ നിയോഗിച്ചിട്ടുള്ളത്. അതായത് അല്ലാഹുവിനോളം മനഷ്യന് എങ്ങനെ എത്താൻ സാധിക്കും എന്ന് കാണിക്കുന്നതിനുവേണ്ടി. ഇത് പ്രകൃതി നിയമമാണ്. എല്ലാവരും പിന്തള്ളപ്പെടുകയില്ല;എല്ലാവരും സന്മാർഗം പ്രാപിക്കുകയുമില്ല." (മൽഫൂദാത്ത് വാള്യം 1, പേജ് 460, പ്രസാധനം 2018 ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin